# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 38 ലക്കം ഡിസംബർ 2019 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

**വിശുദ്ധിയുടെ മാതൃകയായ**
**മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ**
**ഞങ്ങൾക്ക് നല്കണമേ**



മാലാഖയിൽനിന്നു മംഗളവാർത്ത ശ്രവിച്ചപ്പോൾ
"ഇതാ കർത്താവിന്റെ ദാസി"
എന്ന മറുപടി നല്കി
വചനമായ ഈശോയെ മാംസം ധരിച്ച
പരിശുദ്ധ മറിയമേ,
പരിശുദ്ധ കുർബാനയിൽ
ഞങ്ങൾ ശ്രവിക്കുന്ന തിരുവചനത്തെ
സന്തോഷത്തോടെ സ്വീകരിക്കുവാനും
അതിനു പ്രത്യുത്തരം നല്കുവാനും
ഞങ്ങളെ സഹായിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 38 ദനഹാ ലക്കം ഡിസംബർ 2019

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**മേഴ്സി വെട്ടിക്കുഴക്കുന്നേൽ എ. ഒ.**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ദനഹാത്തിരുനാൾ 5
- സഭ: ലോകത്തിൽ മിശിഹായുടെ തുടർച്ചയായ സമൂഹം 8
- സെനക്കിൾ തരംഗം 10
- അകക്കണ്ണുകൾ പ്രകാശിക്കുമ്പോൾ 11
- സ്വർഗം എനിക്കു സ്വന്തം 13
- ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു 15
- കാവലാൾ 18
- യാക്കോബ് 20
- ഈശോ പിതാവിന്റെ സ്നേഹം വെളിപ്പെടുത്തുന്നവൻ 23
- വിചാരങ്ങൾ വിശുദ്ധമാക്കൂ 25
- ഈശോയുടെ നിത്യയുവത്വം 28
- മരണത്തിലും അവനോടൊപ്പം 31
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# പ്രകാശമാകുക; പ്രകാശമേകുക

"**അ**ന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു; കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു" (ഏശ 9,2).

ലോകരക്ഷകനായി ഭൂമിയിലവതരിച്ച മിശിഹായുടെ മാമ്മോദീസായും പരസ്യജീവിതവുമൊക്കെ ധ്യാനവിഷയമാക്കുന്ന ദനഹാക്കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പരസ്യജീവിതകാലത്ത് ലോകത്തിന്റെ പ്രകാശമായാണ് ഈശോ സ്വയം വിശേഷിപ്പിച്ചത് (യോഹ 8,12; 9,5). ഈ വിശേഷണം ഏറ്റവും അർത്ഥവത്താക്കിത്തീർക്കുന്നതായിരുന്നു അവിടുത്തെ പരസ്യജീവിതം. പാപത്തിന്റെയും രോഗത്തിന്റെയും മരണത്തിന്റെയും തിന്മയുടെ ശക്തിയുടെയും തമസ്സിലാഴ്ന്നവർക്ക് പ്രത്യാശയുടെ സൂര്യതേജസ്സായി അവിടുന്നു മാറി.



പ്രകാശമായ മിശിഹായുടെ അനുയായികളായ നമുക്കും അവിടുത്തെപ്പോലെ ലോകത്തിന്റെ പ്രകാശമാകുവാനുള്ള വിളിയാണു ലഭിച്ചിരിക്കുന്നത്. അവിടുന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നതും പ്രകാശമാകുവാനാണ്: "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ 5,14). മാനുഷിക പരിമിതികൾ ധാരാളമുള്ള നാം മറ്റുള്ളവരെ പ്രകാശിപ്പിക്കത്തക്കവിധം പ്രകാശമുള്ളവരായിത്തീരണമെങ്കിൽ ദൈവതേജസ്സിൽനിന്നും പ്രകാശം സ്വീകരിക്കേണ്ടിയിരിക്കുന്നു. നിത്യപ്രകാശത്താൽ പ്രകാശിതരായി, മറ്റുള്ളവരെ പ്രകാശിപ്പിക്കുന്ന ചെറുനാളങ്ങളായി നമുക്കു മാറാം. നമുക്കുവേണ്ടി ജീവിതംമുഴുവൻ മാറ്റിവച്ച മിശിഹായുടെ മാതൃക സഹോദരങ്ങൾക്കുവേണ്ടി ജീവിക്കുന്നതിൽ നമുക്ക് പ്രചോദനമാകട്ടെ.

ദനഹാത്തിരുനാളാശംസകളോടെ,

ചീഫ് എഡിറ്റർ




അസത്യ പ്രചരണങ്ങൾകൊണ്ട് അനശ്വര സത്യവും, അന്ധകാര മേലാപ്പിനുള്ളിൽ സനാതന പ്രകാശവും, മരണസംസ്കാര വഴിയിൽ നിത്യജീവനും അപഹസിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വെളിച്ചം ദുഃഖവും, അന്ധകാരം സുഖപ്രദവുമാകുന്ന പ്രായോഗിക നിരീശ്വരകാലം. വിശ്വാസഗ്രഹണത്തിന്റെ ഈ ദുർഘടാവസ്ഥയിൽ നിത്യസൂര്യനായ ഈശോയിലേക്കുള്ള 'നോട്ടം' കാലഘട്ടത്തിന്റെ അനിവാര്യതയാവുകയാണ്. 'ദനഹാ' വെളിച്ചത്തിന്റെ തിരുനാളാണ്.

ഗ്രീക്കുഭാഷയിൽ 'എപ്പിഫനി' എന്ന അപരനാമമുള്ള ദനഹാതിരുനാളിനു ഉദയം, വെളിപാട്, പ്രത്യക്ഷവത്കരണം തുടങ്ങിയ അർത്ഥങ്ങളാണ് സഭാപിതാക്കന്മാർ നൽകുന്നത്. ഈശോയുടെ ദൈവത്വത്തെ അംഗീകരിച്ച് അവിടുത്തെ സ്നേഹിക്കാനും രാജത്വത്തെ അംഗീകരിച്ച് അവിടുത്തെ കല്പനകൾ അനുസരിക്കുവാനും, മനുഷ്യത്വത്തെ അംഗീകരിച്ച് സഹനങ്ങൾ ഏറ്റുവാങ്ങുവാനും എപ്പിഫനി നമ്മെ ക്ഷണിക്കുന്നു.

ജനുവരി 6 ന് ആഘോഷിക്കുന്ന ഈ തിരുനാളിന്റെ വ്യത്യസ്ത ദർശനങ്ങൾ പ്രാചീന കേരളത്തിൽ നടത്തിപ്പോന്ന പിണ്ടികുത്തി പെരുനാളിനോടും രാക്കുളിപ്പെരുനാളിനോടും തുലനം ചെയ്യാൻ സാധിക്കുന്നതാണ്. നിഗൂഢതയിലും അന്ധതയിലും ആഭിചാരത്തിലും ആണ്ടുപോയ യഹൂദ ജനത്തിന്റെ മാത്രം രക്ഷകനല്ല ഈശോമിശിഹാ, മറിച്ച് അഖില ലോക ജനത്തിനുംവേണ്ടി ജനിച്ച രക്ഷകൻ എന്ന ദർശനത്തെ ആസ്പദമാക്കി വടക്കൻ കേരളത്തിൽ നടത്തിവന്ന പെരുനാളാണ് പിണ്ടികുത്തിപെരുനാൾ. രക്ഷയുടെ പ്രകാശം ലോകത്തിനു സമ്മാനിച്ച ഈശോമിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വേണ്ടി വാഴപ്പിണ്ടിയിൽ പന്തങ്ങൾ കുത്തി അതിനു ചുറ്റും പ്രദിക്ഷണം വച്ചുകൊണ്ട് "ദൈവം പ്രകാശമാകുന്നു" എന്ന ആപ്തവാക്യം അവർ ഉരുവിടുന്നു. തീർത്തും മതാത്മകമായി നടത്തിവരുന്ന ഈ കർമ്മം നമ്മോട് ആഹ്വാനം ചെയ്യുന്നത് "രക്ഷയുടെ പ്രകാശം സ്വജീവിതങ്ങളിൽ പ്രാവർത്തികമാക്കുവാനും അതേ രക്ഷ മറ്റുള്ളവരിലേക്ക് പകർന്നുനല്കുവാനുമാണ്".

ജനങ്ങളെ സജ്ജരാക്കുന്നതിനും ഈശോയ്ക്കു വഴി ഒരുക്കുന്നതിനുമായി ദൈവത്താൽ

നിയുക്തനായ വ്യക്തിയാണ് യോഹന്നാൻ മാംദാന. യോഹന്നാനിൽനിന്ന് ഈശോ സ്വീക രിച്ച ജ്ഞാനസ്നാനത്തെ ആസ്പദമാക്കി തെക്കൻ കേരളത്തിൽ രൂപംകൊണ്ടതാണ് രാക്കുളിപ്പെരുനാൾ. ദനഹായ്ക്ക് തലേന്ന് അടു ത്തുള്ള നദിയിലോ, കുളത്തിലോ പോയി കുളി ക്കുക വഴിയായി ഈശോ സ്വീകരിച്ച ജ്ഞാന സ്നാനത്തെ സ്മരിക്കുന്നതോടൊപ്പം, ഓരോ ക്രൈസ്തവനും തന്റെതന്നെ മാമ്മോദീസ അനുസ്മരിക്കുകയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങളെപ്പറ്റി ഗാഢമായി ചിന്തിക്കു കയും ചെയ്യുന്നു. ശിശുത്വത്തിൽ സ്വീകരിച്ച അംഗത്വകൂദാശയുടെ മഹിമ മനസ്സിലാക്കി വ്രതങ്ങൾ നവീകരിക്കുക, പരിത്യാഗങ്ങളിൽ ഏർപ്പെടുക - അതുവഴി ഈശോയെ അറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച് ദൈവമ ക്കളായി ജീവിക്കാൻ ഈ തിരുനാൾ വിശ്വാ സികളെ ഉദ്ബോധിപ്പിക്കുന്നു.

സഭയിലെ അതിപ്രധാന തിരുനാളുകളിൽ ഒന്നായ ദനഹാതിരുനാളിനോടനുബന്ധിച്ചുള്ള ദനഹാക്കാലത്തെ വെള്ളിയാഴ്ചകളിൽ മിശി ഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ അനു സ്മരിക്കുന്നു. ഏഴ് ആഴ്ചകൾ നീണ്ടുനി ല്ക്കുന്ന ദനഹാകാലത്തിൽ ഈശോയുടെ മാമ്മോദീസാ, പരസ്യജീവിതം, ദൈവിക മാനു ഷിക സ്വഭാവം, പിതാവിനോടും പരിശുദ്ധാ ത്മാവിനോടുമുള്ള ഗാഢമായ ബന്ധം തുട ങ്ങിയ ദൈവിക സത്യങ്ങൾക്ക് സഭ ഏറെ മുൻതൂക്കം കൊടുക്കുന്നു.

ഈശോയിൽ വിളങ്ങി ശോഭിച്ച സൂക്ത ങ്ങൾ ജീവിതങ്ങളിൽ പ്രാവർത്തികമാക്കുവാ നും ത്രിയേക ദൈവ ത്തെ അടുത്തറിയുവാനും ആത്മാവിൽ ജ്വലിക്കുന്നവരായി ഈശോയ്ക്കു സാക്ഷ്യം വഹിക്കാനും ദനഹാക്കാലം വിശ്വാ സികളെ ഓർമ്മപ്പെടുത്തുന്നു. ഈ ഓർമ്മകളെ സ്വജീവിതത്തിൽ പ്രാവർത്തികമാക്കി അപര നിലേക്കു പകർന്ന്, സഭാകൂട്ടായ്മകളിൽ ഐക്യപ്പെട്ട് ആഗതമാകുന്ന ദനഹായെ ഹൃദ യങ്ങളിലേക്ക് വരവേല്ക്കാം.

ഗ്രഹണങ്ങൾ നൈമിഷിക വിജയങ്ങളുടെ ആവർത്തനങ്ങളാണ്. സൂര്യന്റെ പ്രകാശപ്രവാ ഹത്തിന് ഭൂമിയെ പ്രഭാമയമാക്കിയേ മതിയാ വൂ. നീതിസൂര്യനായ മിശിഹായുടെ പ്രത്യക്ഷീ കരണം കാലദേശ പരിമിതികൾക്കപ്പുറത്തേക്ക് വളരുന്ന തെളിമയുടെ ഉത്സവമാണ്. കാരണം, സർവ്വ ജനപദങ്ങളെയും പ്രകാശിപ്പിക്കുന്ന വെളിച്ചം ലോകത്തിലേക്കുവന്നു. വെളിച്ചത്തെ കീഴടക്കാൻ ഇരുട്ടിന് കഴിഞ്ഞില്ല (യോഹ 1,5).



മാർ അപ്രേമിനോട് ചേർന്ന് നീതിസൂര്യനായ മിശിഹായെ നമുക്ക് സ്തുതിക്കാം.

*നമ്മുടെ ആത്മാവിനെ മുദ്രകുത്തി അലങ്കരിക്കുകയും*
*തന്റെ മണവാട്ടിയാക്കിത്തീർക്കുകയും ചെയ്തവൻ*
*അനുഗൃഹീതനാകുന്നു.*
*നമ്മുടെ ശരീരത്തെ തന്റെ നിഗൂഢതയ്ക്ക്*
*വാസസ്ഥലമാക്കിയവൻ അനുഗൃഹീതനാകുന്നു*
*നമ്മുടെ നാവുകൊണ്ട് തന്റെ രഹസ്യങ്ങൾ വ്യാഖ്യാനിച്ചവൻ*
*അനുഗൃഹീതനാകുന്നു*

*നമ്മുടെ മോചനത്തിനായി കുഞ്ഞാടായിത്തീർന്ന*
*ഇടയൻ അനുഗൃഹീതനാകുന്നു*
*നമ്മുടെ രക്ഷയുടെ കാസാ ആയിത്തീർന്ന*
*മുന്തിരിവള്ളി അനുഗൃഹീതനാകുന്നു*
*ജീവൗഷധത്തിന്റെ ഉറവയായിത്തീർന്ന*
*മുന്തിരിക്കുലയും അനുഗൃഹീതമാകുന്നു*
*വിതയ്ക്കപ്പെട്ട ഗോതമ്പുമണിയും കൊയ്തെടുക്കപ്പെട്ട കറ്റയും*
*ആയി സ്വയം തീർന്ന കർഷകൻ അനുഗൃഹീതനാകുന്നു.*

*(മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ 3:7&15)*

## Spirituality Centre Programme

### January

| | |
|---|---|
| 04 | Social Animators |
| 05-10 | Liturgical Retreat |
| 11 | School of Bible |
| 14-15 | Cenacle Gathering |
| 18 | Recollection for Oblates |

### February

| | |
|---|---|
| 01 | Social Animators |
| 11-12 | Cenacle Gathering |
| 15 | School of Bible |
| 22 | Recollection for Oblates |
| 24-29 | Liturgical Retreat |



# സഭ: ലോകത്തിൽ മിശിഹായുടെ തുടർച്ചയായ സമൂഹം

**മല്പാൻ റവ. ഫാ. മാത്യു വെള്ളാനിക്കൽ**

മിശിഹായെ ഇന്നു ലോകത്തിൽ നമുക്കു കാണാൻ സാധിക്കുന്നത് സഭയിലൂടെയാണ്. സഭ 'മിശിഹായുടെ ശരീരം' എന്ന് പൗലോസ് ശ്ലീഹാ പറയുന്നത് (1 കൊറി 12) അർത്ഥവത്താണ്. ഉത്ഥാനത്തിലൂടെ അരൂപിയായി മാറിയ ഈശോയെ, തന്റെ ശരീരമായ സഭയിലൂടെയാണ് ഇന്ന് ലോകത്തിനു കാണാൻ സാധിക്കുക.


## സഭ: ശ്ലൈഹിക സമൂഹം

സഭ ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സമൂഹമാണെന്നത് വിശ്വാസപ്രമാണത്തിൽ സഭാംഗങ്ങളെല്ലാം ഏറ്റുപറയുന്ന കാര്യമാണ്. സെനക്കിളിൽ ഈശോ ശ്ലീഹന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു (യോഹ 17,9–19). "ലോകത്തിനുവേണ്ടിയല്ല, അങ്ങ് എനിക്കു തന്നവർക്കുവേണ്ടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്" (യോഹ 17,9). 'പിതാവ് ഈശോയ്ക്കു കൊടുത്തവരെ'ന്നാണ് ശ്ലീഹന്മാരെ വിശേഷിപ്പിക്കുന്നത്. ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പാണ് ശ്ലീഹന്മാർക്കു ലഭിച്ചത്. ഈശോയുടെ ലോകത്തിലെ സാന്നിധ്യമായിത്തീരുവാനുള്ള സഭയുടെ അടിസ്ഥാനമാണ് ശ്ലീഹന്മാർ. "ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണു നിങ്ങൾ" (എഫേ 2,2). സഭയിലെ പുരോഹിതശുശ്രൂഷകളെല്ലാം ഈ ശ്ലൈഹികശുശ്രൂഷയാണ്. മാർപാപ്പാമാരും മെത്രാന്മാരും വൈദികരും ഈ ശ്ലൈഹികശുശ്രൂഷ ചെയ്യുന്നവരാണ്. അവരുടെ ശുശ്രൂഷയിലൂടെ കെട്ടിപ്പടുക്കപ്പെടുന്നതാണ് സഭാസമൂഹം. അവരെ ദൈവം നമുക്കു തന്നവരാണെന്നു കരുതി അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സഭാംഗങ്ങൾക്കു കടമയുണ്ട്.

## ശ്ലൈഹികപാരമ്പര്യം: വിശ്വാസത്തിനടിസ്ഥാനം

വിശ്വാസികളുടെ സമൂഹമെന്നറിയപ്പെടുന്ന (ശ്ലീഹ 4,32) സഭാംഗങ്ങളുടെ വിശ്വാസത്തിനടിസ്ഥാനം ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ടു കിട്ടുന്ന വിശ്വാസപാരമ്പര്യമാണ്. ശ്ലീഹന്മാരാണ് ദൈവവചനമായ ഈശോമിശിഹായെ നേരിട്ട് അനുഭവിച്ചറിഞ്ഞവർ. അവരുടെ മിശിഹാ അനുഭവത്തെപ്പററി യോഹന്നാൻ ശ്ലീഹാ പറയുന്നു: "ആദിമുതലുണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു

കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ 1,1). അവരുടെ 'മിശിഹാ' അഥവാ 'വചനാ'നുഭവത്തിലാണ് സഭയുടെ വിശ്വാസത്തിലൂടെ നാം പങ്കുചേരുന്നത്. അതുകൊണ്ട് ശ്ലൈഹികപാരമ്പര്യവും ദൈവവചനവും ഒന്നുതന്നെയാണ്. ശ്ലൈഹികപാരമ്പര്യം ഇന്ന് സഭയിൽ സന്നിഹിതമായിരിക്കുന്നത് സഭയുടെ വിശ്വാസപാരമ്പര്യത്തിലൂടെയാണ്. അതുകൊണ്ട് സഭയുടെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വേണം ബൈബിളിലൂടെ ലഭിക്കുന്ന ദൈവവചനത്തെപ്പോലും നാം മനസ്സിലാക്കുവാനും സ്വീകരിക്കുവാനും.



## സഭ: ദൈവത്തിന്റെ സംരക്ഷണമുള്ള സമൂഹം

ശ്ലൈഹികാടിസ്ഥാനമുള്ള സഭ ദൈവത്തിന്റെ പ്രത്യേക സംരക്ഷണമുള്ള സമൂഹമാണ്. ഈശോ ആ സമൂഹത്തിനുവേണ്ടി തന്റെ വേർപാടിന്റെ നിമിഷത്തിൽ പിതാവിനോടു പ്രാർത്ഥിച്ചു. ഇന്നും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു: "ഇനിമേൽ ഞാൻ ലോകത്തിലല്ല; എന്നാൽ അവർ ലോകത്തിലാണ്. ഞാൻ അങ്ങയുടെ അടുത്തേയ്ക്കു വരുന്നു. പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന്, അവിടുന്ന് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങു കാത്തുകൊള്ളണമേ" (യോഹ 17,11). ദൈവത്തിന്റെ ഈ സംരക്ഷണം ശ്ലീഹന്മാരും സഭാംഗങ്ങളും ഒന്നായിരിക്കുവാൻ വേണ്ടിയാണ്. അവർ (ശ്ലീഹന്മാരുടെ പിൻഗാമികളും വിശ്വാസികളും) സ്നേഹത്തിലും കൂട്ടായ്മയിലും ഒന്നായിരുന്നാൽ മാത്രമേ, സഭയിൽ ഈശോയെ കാണുവാൻ ലോകത്തിനു കഴിയൂ: "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,35). അപ്രകാരം ഒന്നാകുന്നതിന് തടസ്സം സൃഷ്ടിക്കുന്ന സാത്താന്റെ ശക്തികൾ ലോകത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ടാണ് സഭയ്ക്കുവേണ്ടി ദൈവികസംരക്ഷണം ഈശോ പ്രാർത്ഥിക്കുന്നത്.

## സഭ: മിശിഹായുമായുള്ള ഐക്യത്തിൽ ജീവിക്കേണ്ട സമൂഹം

"ഞാൻ അവരോടുകൂടെയായിരുന്നപ്പോൾ, അങ്ങ് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ ഞാൻ അവരെ സംരക്ഷിച്ചു; ഞാൻ അവരെ കാത്തുസൂക്ഷിച്ചു" (യോഹ 17,12). "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ" (യോഹ 17,11). 'ഒരാളുടെ നാമത്തിൽ' എന്നുവച്ചാൽ 'അയാളുമായുള്ള ഐക്യത്തിൽ' എന്നാണർത്ഥം. മിശിഹായുമായുള്ള അഥവാ ദൈവവുമായുള്ള ഐക്യത്തിൽ ജീവിക്കുന്നവർക്കേ ദൈവികമായ ഐക്യത്തിൽ പരസ്പരം ഒന്നായി ജീവിക്കുവാൻ കഴിയുകയുള്ളൂ. ഇപ്രകാരമുള്ള ഐക്യത്തിൽ ഒന്നായി ജീവിക്കണമെങ്കിൽ ഈ ഐക്യം യാഥാർത്ഥ്യമാക്കുന്ന കുർബാനാനുഭവം നാം സ്വന്തമാക്കണം. പരിശുദ്ധ കുർബാനാനുഭവം പൂർണ്ണമാകുന്നത് പരിശുദ്ധ കുർബാന സ്വീകരണമാകുന്ന ഈശോയിലുള്ള ഐക്യത്തിലൂടെയാണല്ലോ. അതുകൊണ്ട് ശരിയായ കുർബാനാനുഭവത്തിലൂടെയാണ് മിശിഹായുമായും ദൈവവുമായുള്ള ഐക്യത്തിൽ സഭാംഗങ്ങൾ വളരേണ്ടത്.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ദനഹാത്തിരുനാളോടുകൂടി ദനഹാക്കാലത്തേക്കു നാം പ്രവേശിക്കുകയാണല്ലോ. ഈശോയുടെ പരസ്യജീവിതം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ മിശിഹായുടെ പ്രകാശമുൾക്കൊണ്ട്, അവിടുത്തെപ്പോലെ ലോകത്തിന്റെ പ്രകാശങ്ങളായിത്തീരാൻ നമുക്കു ശ്രമിക്കാം. അപ്രകാരം പ്രകാശങ്ങളായിത്തീരണമെങ്കിൽ നമ്മെ ദൈവം ഏല്പിച്ചിരിക്കുന്ന ജോലികളും ശുശ്രൂഷകളും ദൈവം തരുന്ന സമയത്തും സാഹചര്യങ്ങളിലും, അവിടുത്തെ ഹിതമനുസരിച്ച് വിശ്വസ്തതയോടെ നാം നിർവഹിക്കണം (യോഹ 9,4-5). അപ്രകാരം നമ്മുടെ പുരോഹിത ശുശ്രൂഷകൾ വിശ്വസ്തതയോടെ നിർവഹിച്ചുകൊണ്ട് ലോകത്തിന്റെ പ്രകാശമാകുവാൻ നമുക്ക് പരിശ്രമിക്കാം. ദനഹാത്തിരുനാൾ ആശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ഇടവക വൈദികരുടെ ആദ്ധ്യാത്മികതയും ഐക്യവും സാഹോദര്യവും പരിപോഷിപ്പിക്കുന്ന 'സെനക്കിൾ ആദ്ധ്യാത്മികത' കാരിസമായി സ്വീകരിച്ചിരിക്കുന്ന 'അപ്പസ്തോലിക് സൊദാലെസ്' സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിനെ താമരശ്ശേരി രൂപതയിൽ ഔദ്യോഗികമായി അംഗീകരിച്ചുകൊണ്ടുള്ള രൂപതാദ്ധ്യക്ഷൻ മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ പിതാവിന്റെ കത്ത് ജനറൽ മേജർ ഫാദർ മാത്യു വെള്ളാനിക്കലച്ചന് ലഭിച്ചു. 2020 ജനുവരി 20-ാം തീയതി ആ രൂപതയിലെ 10 ബഹു. വൈദികർ ഇൻസ്റ്റിറ്റ്യൂട്ടിൽ അംഗങ്ങളായി ഔദ്യോഗികമായി പ്രവേശിക്കും.

ആദ്യമായി ഇൻസ്റ്റിറ്റ്യൂട്ടിലേക്കു പ്രവേശിക്കുന്ന ബഹുമാനപ്പെട്ട വൈദികർക്ക് ഹൃദ്യമായ സ്വാഗതം!

# അകകണ്ണുകൾ പ്രകാശിക്കുമ്പോൾ

ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ചട്ടിത്തലയനെന്നും പൊട്ടക്കണ്ണനെന്നും അവനെ വിളിച്ച് കളിയാക്കിയിരുന്നത് ബാസ്റ്റിനാണ്, സ്കൂളിലെ ഏറ്റവും മികച്ച അത്‌ലറ്റ്. ജന്മനാ ലഭിച്ച വൈകല്യങ്ങളും പേറി, ഹൃദയം തകർന്ന് തല താഴ്ത്തി അവൻ നടക്കുമ്പോൾ ബാസ്റ്റിനും കൂട്ടുകാർക്കും അതൊരു നേരംപോക്കായിരുന്നു. എല്ലാ വർഷത്തെയും സ്കൂൾ ചാമ്പ്യനും പഠനത്തിൽ ഒന്നാമനും കാഴ്ചയിൽ സുമുഖനും പണക്കാരും വിദ്യാസമ്പന്നരുമായ മാതാപിതാക്കളുടെ പുത്രനുമായ അവനും കൂട്ടുകാർക്കും ചട്ടിത്തലയൻ എന്നും ചിരിക്ക് വിഷയമായി. അത്തവണയും സ്കൂൾ ചാമ്പ്യൻഷിപ്പിനായി ബാസ്റ്റിൻ തയ്യാറെടുത്തു. പക്ഷേ വിധി അവനെതിരായി. ട്രാക്കിൽ മുട്ടു തെന്നി അവൻ വീണു. ഒരാഴ്ചയ്ക്കുശേഷം അവൻ സ്കൂളിൽ തിരിച്ചെത്തി. ആദ്യമായി രുചിച്ച പരാജയത്തിന്റെ ദുഃഖവും കൂടെ നടന്നവരെല്ലാം കളിയാക്കി ചിരിച്ചതുമാണ് അവനെ ഏറെ തളർത്തിയത്. ഡസ്ക്കിൽ തലവച്ച് അവൻ വിങ്ങിക്കരഞ്ഞു. തോളത്ത് മൃദുസ്പർശം ഏറ്റപ്പോൾ അവൻ തലയുയർത്തി നോക്കി. കണ്ണീരിനിടയിലൂടെ പുഞ്ചിരിക്കുന്ന ആ മുഖം ബാസ്റ്റിൻ കണ്ടു. സ്ഥിരം തന്റെ ഇരയാകാറുള്ള ചട്ടിത്തലയൻ. ''സാരമില്ല, ഇതൊക്കെ ഒരു മാസം കഴിയുമ്പോൾ മാറില്ലേ. നിനക്ക് ഇനിയും മത്സരിക്കാമല്ലോ. എന്റെ ചട്ടിത്തലപോലെ സ്ഥിരമായി ഉള്ളതൊന്നുമല്ലല്ലോ". നന്ദിയും സ്നേഹവും പറഞ്ഞറിയിക്കാനാവാതെ നനഞ്ഞ കണ്ണുകളിലൂടെ ബാസ്റ്റിൻ അവനെ നോക്കി. കാഴ്ച മങ്ങിയ തുറന്നിരിക്കുന്ന അവന്റെ കണ്ണിൽ ഒരായിരം സൂര്യന്മാർ ഉദിച്ചുയരുന്നത് അവന് കാണാമായിരുന്നു.

കണ്ണുകൾ തുറന്നിരിക്കുമ്പോഴും അകക്കണ്ണുകളുടെ വെളിച്ചം നഷ്ടപ്പെട്ട ലോകത്തിൽ കൃപയുടെ പ്രകാശം നിറയ്ക്കാനായി, ഈശോ ലോകത്തിൽ പ്രത്യക്ഷീകരിക്കപ്പെട്ടതിന്റെ മനോഹര 'ഓർമ്മ'കളുമായി ഒരു ദനഹാക്കാലം കൂടി. പാപാന്ധകാരം നിറഞ്ഞ ലോകത്തിൽ പ്രകാശത്തിന്റെ പൊൻകിരണവുമായ് ഈശോ പ്രത്യക്ഷനാവുകയാണ്. സർവനീതിയും പൂർത്തീകരിക്കുവാൻ തനിക്കു വഴിയൊരുക്കിയ സ്നാപകന്റെ മുൻപിൽ വിനീതനായി തല കുനിക്കുന്ന ഈശോ. **ഉൾക്കണ്ണുകൾക്ക് പ്രകാശമുള്ളവനേ, തന്നേക്കാൾ താഴ്ന്നവന്റെ മുമ്പിലും തലകുനിക്കാനാവൂ.**

ദനഹാക്കാലത്തിന്റെ ഞായറാഴ്ചകളിൽ അകക്കണ്ണുകൾക്ക് പ്രകാശമുള്ള കുറേ വ്യക്തി

ത്വങ്ങളെ നാം ധ്യാനവിഷയമാക്കുകയാണ്. ഒന്നാം ഞായറാഴ്ച സ്വന്തം നാട്ടിൽ അവഹേളിതനാകുന്ന ഈശോയെ നാം കാണുന്നു. **മറ്റുള്ളവരുടെ അവഹേളനങ്ങൾക്കും തള്ളിപ്പറയലുകൾക്കുമിടയിൽ സത്യംതുറന്നു പറയാൻ ഒരുവനേ സാധിക്കൂ. അത് അകക്കണ്ണുകളുടെ വെളിച്ചം നഷ്ടപ്പെടാത്തവനാണ്.**

ഈ ദനഹാക്കാലത്തിൽ ഏറ്റവും അധികം അനുസ്മരിക്കുന്ന മനോഹരസാന്നിധ്യമാണ് സ്നാപകൻ. മൂന്നു ഞായറാഴ്ചകളിൽ നാം അദ്ദേഹത്തെ ധ്യാനവിഷയമാക്കുന്നു. തന്റെ പിറകേവരുന്ന വലിയവനെ കാണിച്ചുകൊടുത്ത് സ്വയം ഒതുങ്ങുന്നവൻ. **അഹങ്കാരഭാവമില്ലാതെ സ്വന്തം ജോലി സന്തോഷത്തോടെ നിർവഹിച്ച് മറ്റുള്ളവർക്കു വഴിമാറി കൊടുക്കാൻ ഒരു**



**വനേ സാധിക്കൂ. അത് അകകണ്ണുകളുടെ വെളിച്ചം നഷ്ടപ്പെടാത്തവനാണ്.**

നാലാം ഞായറാഴ്ചയിൽ നമ്മുടെ മുമ്പിൽ പ്രകാശഗോപുരമായി തെളിയുന്നവൾ പരി. മറിയം. പുത്രന്റെ പരസ്യജീവിതത്തിന് തുടക്കമിടാൻ പ്രേരണയായവൾ. മനുഷ്യമക്കളോട് അവൻ പറയുന്നതുപോലെ ചെയ്യാൻ ഉപദേശിച്ചവൾ. **ദൈവത്തിന്റെയും മനുഷ്യന്റെയും ഇടയിൽ മാധ്യസ്ഥ്യം വഹിക്കാൻ സാധിക്കുന്നത് അകകണ്ണുകളുടെ വെളിച്ചം നഷ്ടമാകാത്തവർക്കാണ്.**

സത്യത്തെ തേടുന്ന ഒരുവനെ നാം കണ്ടുമുട്ടുന്നു, 5-ാം ഞായറാഴ്ച-നിക്കൊദേമോസ്. നിയമങ്ങളുടെയും ചട്ടങ്ങളുടെയും നടത്തിപ്പുകാരനായിരിക്കുമ്പോഴും ഉള്ളിലെ ദാഹത്തെ ശമിപ്പിക്കാൻ ദൈവത്തെ തിരയുന്നവൻ. **സാഹചര്യങ്ങളെല്ലാം പ്രതികൂലമാകുമ്പോഴും സത്യത്തിനുവേണ്ടി ദാഹിക്കാൻ ഒരുവനേ ആകൂ. അത് അകക്കണ്ണുകളുടെ വെളിച്ചം നഷ്ടപ്പെടാത്തവനാണ്.**

ദൈവസന്നിധിയിൽ വിശ്വാസപൂർവം തന്റെ ഭൃത്യനുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്ന ശതാധിപനാണ് 7-ാം ഞായറാഴ്ചയിലെ ശ്രദ്ധാകേന്ദ്രം. **തന്നെക്കാൾ വളരെ ചെറിയവനെയും തന്നോടൊപ്പം കാണാൻ ഒരുവനേ സാധിക്കൂ. അത് അകക്കണ്ണുകളുടെ വെളിച്ചം നഷ്ടപ്പെടാത്തവനാണ്.**

കരുണയും സ്നേഹവും അനുകമ്പയും നഷ്ടമാകുമ്പോൾ നമ്മുടെ അകക്കണ്ണുകൾ അന്ധകാരമയമാകും. ഈ ദനഹാക്കാലത്തിൽ പരിശുദ്ധാരൂപിയോട് നമുക്ക് പ്രാർത്ഥിക്കാം. ഞങ്ങളുടെ ജീവിതങ്ങളെ അങ്ങയുടെ ദാനവരങ്ങളാൽ നിറയ്ക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യണമേ. ആമ്മേൻ.

# സ്വർഗ്ഗം എനിക്ക് സ്വന്തം

**റവ. ഫാ. ജെനി ഇരുപതിൽ**
**ചങ്ങനാശ്ശേരി അതിരൂപത**

"സ്നാനം കഴിഞ്ഞുയുടൻ ഈശോ വെള്ളത്തിൽനിന്നും കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു, ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽനിന്നു കേട്ടു (മത്താ 3, 16–17).

ദനഹായിൽ നമ്മുടെ കർത്താവീശോ മിശിഹായുടെ മാമ്മോദീസായാണ് നാം ധ്യാനിക്കുന്നത്. ഈ അവസരത്തിൽ നമുക്ക് നമ്മുടെ മാമ്മോദീസായെക്കുറിച്ചും ധ്യാനിക്കാം. മേൽപ്പറഞ്ഞ വാക്യങ്ങളിൽ ഈശോയുടെ മാമ്മോദീസാ വിവരണം നമുക്കു കാണാൻ സാധിക്കും. ഈശോ വെള്ളത്തിൽനിന്നു കയറിയപ്പോൾ **സ്വർഗ്ഗം തുറന്നിരിക്കുന്നതായി** കാണപ്പെട്ടു. **പരിശുദ്ധാത്മാവ് പ്രാവിനെപ്പോലെ അവന്റെമേൽ ഇറങ്ങിവന്നു**. സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി "**ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു**". ഈ മൂന്നു കാര്യങ്ങൾ വച്ചുകൊണ്ടാണ് നാം നമ്മുടെ മാമ്മോദീസാ ധ്യാനവിഷയമാക്കുന്നത്.

ഒന്നാമത് സ്വർഗ്ഗം തുറക്കപ്പെട്ട അനുഭവം-മാമ്മോദീസാ സ്വീകരിച്ച നമുക്കോരോരുത്തർക്കും സ്വർഗ്ഗം തുറക്കപ്പെട്ട അനുഭവം ഉണ്ടാകണം. രണ്ടാമത് ആത്മാവ് ഇറങ്ങിവന്ന അനുഭവം, മൂന്നാമത് സ്വർഗ്ഗത്തിൽനിന്നുള്ള സ്വരം... അതായത്, "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."

എന്താണ് സ്വർഗ്ഗം തുറക്കപ്പെട്ട അനുഭവം?

മാമ്മോദീസാ സ്വീകരിച്ച ഒരാളെ സംബന്ധിച്ച് സ്വർഗ്ഗം എന്നത് വായനയിൽനിന്നുള്ള അറിവോ, കേട്ടറിവോ ആകരുത്. മറിച്ച് സ്വർഗ്ഗ



മെന്നത് അവന് സ്വന്തമായിരിക്കണം, സ്വന്തമായ ഒരു അനുഭവമായിരിക്കണം. ആ അനുഭവം ലക്ഷ്യംവച്ചുകൊണ്ടുവേണം അവൻ ജീവിക്കാൻ. ഉദാഹരണമായി എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വനിമിഷങ്ങളിൽ സ്വർഗ്ഗം തുറന്നിരിക്കുന്ന അനുഭവം അവനുണ്ടാകുന്നു. പീഡനങ്ങൾക്കു നടുവിലും തനിക്കായി തുറക്കപ്പെട്ട സ്വർഗ്ഗത്തിലേക്ക് അവൻ നോക്കി. നമ്മിലെത്ര പേർക്ക് വേദനകൾക്ക്, ദുരന്തങ്ങൾക്ക് നടുവിലും സ്വർഗ്ഗം തുറക്കപ്പെടുന്ന അനുഭവത്തെ ഉൾക്കൊള്ളാനാവും? വി. അൽഫോൻസാമ്മയും വി. കൊച്ചുത്രേസ്യായും മറ്റു വിശുദ്ധ

രുമെല്ലാം സഹനങ്ങളുടെ മധ്യേ സ്വർഗ്ഗീയ അനുഭൂതിയിൽ ലയിച്ചവരാണ്. അതുകൊണ്ട് നമുക്കായി തുറക്കപ്പെടുന്ന സ്വർഗ്ഗത്തിലേക്ക് ദൃഷ്ടികളുറപ്പിക്കാൻ സഹനാനുഭവങ്ങൾ നമ്മെ ശക്തരാക്കണം.

സ്വർഗ്ഗം എനിക്ക് അന്യമല്ല. മറിച്ച് എന്റെ സ്വന്തമാണ്. ഈ ഭൂമിയിൽവച്ചുതന്നെ സ്വർഗ്ഗീയ അനുഭവം സ്വന്തമാക്കുവാൻ നമുക്കു സാധിക്കണം. ജിലേബി കഴിക്കുന്ന ഒരാൾക്ക് പേരു കേൾക്കുമ്പോൾതന്നെ അതിന്റെ രുചിയും നിറവും മണവും ആകൃതിയുമെല്ലാം അറിയാൻ സാധിക്കും. കാരണം അത് അനുഭവിച്ചറിഞ്ഞിട്ടുണ്ട്. നേരെമറിച്ച് കഴിക്കാത്ത ഒരു സാധനത്തിന്റെ രുചി നമുക്കറിയില്ല. അതുപോലെ തന്നെ മാമ്മോദീസാ സ്വീകരിച്ച ഒരുവനെ സംബന്ധിച്ച് സ്വർഗ്ഗം രുചിച്ചറിയാൻ സാധിക്കണം.

“പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ആവസിച്ചു”



പ്രാവിന്റെ രണ്ടു സവിശേഷതകൾ - പ്രാവ് സമാധാനത്തിന്റെ അടയാളവും വിശുദ്ധിയുടെ അടയാളവുമാണ്. ദൈവാത്മാവിനാൽ നിറഞ്ഞ വ്യക്തികളിലും ഈ രണ്ടു കാര്യങ്ങൾ കാണപ്പെടണം. ഹൃദയത്തിൽ സമാധാനവും ജീവിതവിശുദ്ധിയും നമ്മെ ആവരണം ചെയ്യണം. സമാധാനം എന്നത് ഈശോതന്നെയാണ്. വി. ഗ്രന്ഥത്തിൽ ഈശോ കടൽ ശാന്തമാക്കുന്ന രംഗം വിവരിക്കുന്നുണ്ട്. അവിടെ കടൽ പ്രക്ഷുബ്ധമാണ്, എങ്ങും അശാന്തിയാണ്, അസ്വസ്ഥതയാണ്. ശിഷ്യന്മാർ പേടിച്ചു നിലവിളിക്കുമ്പോഴും ഈശോ മാത്രം വള്ളത്തിന്റെ അമരത്ത് ശാന്തനായി തലവച്ച് ഉറങ്ങുന്നു. ഉള്ളിൽ ശാന്തതയുള്ള വ്യക്തിക്കു മാത്രമേ പുറമേയുള്ള അശാന്തിയെ, കൊടുങ്കാറ്റിനെ ശാന്തമാക്കാൻ സാധിക്കുകയുള്ളു. ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധിഘട്ടങ്ങളിൽ പിടിച്ചു നിൽക്കണമെങ്കിൽ ഉള്ളിൽ ഈശോയാകുന്ന സമാധാനം ഉണ്ടാകണം. ഓരോ വിശുദ്ധ കുർബാനയിലും ഈ സമാധാനം സ്വീകരിച്ചു കൊണ്ടാണ് നാം ഭവനങ്ങളിലേക്കു മടങ്ങുക.

വിശുദ്ധിയെന്നത് ദൈവത്തോടു ചേർന്നിരിക്കുന്ന അവസ്ഥയാണ്. ആദിമസഭയിലെ അംഗങ്ങളെ വി. പൗലോസ് ശ്ലീഹാ സംബോധന ചെയ്യുന്നത് ‘വിശുദ്ധർ’ എന്നാണ്. നമ്മിൽ വിശുദ്ധിയുണ്ടോ, ഈശോയോട് ചേർന്നിരിക്കുന്നവരാണോ എന്നു നാം പരിശോധിക്കണം.

“ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു”. സ്വർഗ്ഗത്തിൽനിന്നുണ്ടായ ഈ സ്വരം നമ്മെ സംബന്ധിച്ചും യാഥാർത്ഥ്യമാകണം. നമ്മെ നോക്കി ദൈവം ഇങ്ങനെ പറയാനിടയാക്കണം. നാം പിതാവായ ദൈവത്തിന്റെ പുത്രനും പുത്രിയും ആണെന്ന ബോധ്യം നമുക്കുണ്ടാകണം. താൻ ദൈവത്തിന്റെ പുത്രനാണെന്ന് ഈശോയ്ക്ക് നല്ല ബോധ്യമുണ്ടായിരുന്നു. ഈ ബോധ്യമാണ് കാൽവരിയിൽ യാഗമാകാൻ ഈശോയെ ശക്തിപ്പെടുത്തിയത്. ഒരിക്കലും കുരിശിൽനിന്നും മുഖം തിരിക്കാതെ സ്നേഹത്തോടെ അതു വഹിച്ച് കാൽവരിയിൽ യാഗമായിത്തീരാൻ അവിടുത്തെ ധൈര്യപ്പെടുത്തിയത് പിതാവു നല്കിയ ഈ ഉറപ്പാണ്.

കർത്താവിന്റെ ദനഹായുടെ - പ്രത്യക്ഷീകരണത്തിന്റെ ഈ നാളുകൾ മേൽപറഞ്ഞ ചിന്തകൾ നമ്മെ അനുധാവനം ചെയ്യട്ടെ.

- സ്വർഗ്ഗം എനിക്ക് അന്യമല്ല, എന്റെ സ്വന്തമാണ്’.
- ദൈവത്തിന്റെ ആത്മാവ് എന്നിൽ വസിക്കുന്നിടത്തോളംകാലം സമാധാനവും വിശുദ്ധിയും നമ്മെ അനുധാവനം ചെയ്യും.

ദനഹാക്കാലത്തിന്റെ ചൈതന്യം കാത്തുസൂക്ഷിക്കാൻ നമുക്കു പരിശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



# ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ക്ലാസ്സിൽ വലിയ ബഹളം നടക്കുകയാണ്. കുട്ടിക്കൂട്ടത്തിന്റെ നടുവിൽ നിന്നുയരുന്ന വലിയ ശബ്ദത്തിന്റെ ഉടമയെ കാണാൻ പോലും പറ്റുന്നില്ല. 'നിന്നെ ഞാനിന്നു ശരിയാക്കും.' 'എന്റെ ഈശോയേ, ആരെയാണാവോ?' കൂട്ടുകാരുടെ അനുരഞ്ജനശ്രമങ്ങളെ അവഗണിച്ച്, മുഷ്ടിചുരുട്ടിക്കൊണ്ട് അവൻ പറഞ്ഞു: നീയെന്നെ ഇരട്ടപ്പേരു വിളിക്കും, അല്ലേ....'



ഒരു വ്യക്തിയും അവനവനു തന്നെ പേരിടാറില്ല. മാതാപിതാക്കൾ നേരിട്ടോ മറ്റു വല്ലവരുടെയും ഉപദേശമനുസരിച്ചോ നമുക്കുതരുന്ന പേരുകളാണ് നാം വലിയ അഭിമാനത്തോടെ സ്വന്തമാക്കി വച്ചിരിക്കുന്നത്.ഒരു വ്യക്തിയെപ്പറ്റി ആദ്യമായി നാം അറിയുന്നത് ആ വ്യക്തിയുടെ പേര് ആണ്. അർത്ഥമെന്തെന്നറിയാതെ, രണ്ടക്ഷരം കൂട്ടിയുണ്ടാക്കിയതാണെങ്കിലും എന്റെ പേര് 'എന്റെ പേര്' തന്നെയാണ്. എങ്കിൽപിന്നെ ഇരട്ടപ്പേരു വിളിച്ചാൽ ചങ്കിൽ കൊള്ളാതിരിക്കുമോ?

ഈശോയുടെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പിൽ മാലാഖാ പറഞ്ഞു 'എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും'. മാമ്മോദീസായിൽ പിതാവായ ദൈവം അതിനു സ്ഥിരീകരണം നൽകുന്നു: 'ഇവൻ എന്റെ പ്രിയ പുത്രനാണ്'. ദൈവം പേരു നൽകുന്ന പല വ്യക്തികളെയും



വിശുദ്ധ ഗ്രന്ഥത്തിൽ കാണാം. ആ പേരിനെല്ലാം ഒരു അർത്ഥവുമുണ്ട്. മാമ്മോദീസായിൽ വളരെ അർത്ഥ വ്യാപ്തിയുള്ള പേരു സ്വീകരിച്ചവരാണു നാം. കാലത്തിനൊത്തു പേരിനു രൂപമാറ്റം വന്നെങ്കിലും ഉറവിടം ഏതെങ്കിലും വിശുദ്ധന്റെയോ വിശുദ്ധയുടെയോ പേരു തന്നെ. എന്തിനാണു നാം മാമ്മോദീസായിൽ ഒരു പുതിയ പേരു സ്വീകരിക്കുന്നത്? കത്തോലിക്കാസഭയുടെ യുവജന മതബോധന ഗ്രന്ഥം ഉത്തരം തരുന്നു: നാം മാമ്മോദീസായിൽ സ്വീകരിക്കുന്ന പേരിലൂടെ ദൈവം നമ്മോടു പറയുന്നു: "ഞാൻ നിന്നെ പേരു ചൊല്ലി വിളിച്ചു. നീ എന്റേതാണ്"(ഏശ 43:1).

മാമ്മോദീസായിൽ ഒരു വ്യക്തി അജ്ഞാതമായ ദൈവികതയിലേക്ക് അലിയിച്ചു ചേർക്കപ്പെടുകയില്ല. പിന്നെയോ അവന്റെ വ്യക്തിത്വത്തിൽ കൃത്യമായി സ്ഥിരീകരിക്കപ്പെടുകയാണ്. ഒരു പേരിൽ മാമ്മോദീസ നൽകപ്പെടുകയെന്നതിന്റെ അർത്ഥം ദൈവം എന്നെ അറിയുന്നുവെന്നാണ്... വിശുദ്ധരോളം നല്ല മാതൃകകളില്ല. അവരെക്കാൾ നല്ല സഹായികളുമില്ല. എന്റെ പേര് ഒരു വിശുദ്ധന്റേതാണെങ്കിൽ എനിക്ക് ദൈവസന്നിധിയിൽ ഒരു സുഹൃത്തുണ്ട്' (യുക്യാറ്റ് 201-202). അതിനാലാണ് നാം വിശുദ്ധരുടെ പേരുകൾ സ്വീകരിക്കുന്നത്.

ഇനി എന്താണു നമ്മുടെ കടമ? ഈ പേരിനു ചേർന്നവിധം ജീവിക്കുക എന്നതാണ്. ഒരു വിശുദ്ധൻ എന്റെ സുഹൃത്തും മാതൃകയുമാണെങ്കിൽ ആ മാതൃക പിഞ്ചെല്ലാനും ദൈവപുത്രൻ എന്നു വിളിക്കപ്പെടുവാനും എനിക്കു കടമയുണ്ട്. മാമ്മോദീസായിലൂടെ ഒരു വ്യക്തി

സഭാകുടുംബത്തിലെ അംഗമായിത്തീരുന്നു, ക്രിസ്ത്യാനിയായിത്തീരുന്നു - ഈശോമിശിഹായുടെ അനുയായി ആയിത്തീരുന്നു. എങ്കിൽ മിശിഹാ കാണിച്ചുതന്ന മാർഗ്ഗത്തിലൂടെയല്ലേ ഞാൻ ചരിക്കേണ്ടത്? അവൻ പറഞ്ഞതൊക്കെ എന്റെ ജീവിതനിയമമാക്കേണ്ടതല്ലേ? ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കാനും മറ്റുള്ളവർ നിങ്ങളോടു പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ അവരോടും പെരുമാറാനും,ചോദിക്കുന്നവനു കൊടുക്കാനും വായ്പവാങ്ങാൻ വരുന്നവനിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കാനും ഒക്കെ അവൻ പറഞ്ഞത് ഞാനും ജീവിക്കേണ്ടതല്ലേ?

വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ മറക്കാതിരിക്കാം: "നിങ്ങൾ തമ്മിൽ വ്യവഹാരങ്ങൾ ഉണ്ടാകുന്നതുതന്നെ നിങ്ങളുടെ പരാജയമാണ്. എന്തുകൊണ്ട് ദ്രോഹം നിങ്ങൾക്കു ക്ഷമിച്ചുകൂടാ? വഞ്ചന സഹിച്ചു കൂടാ? നിങ്ങൾത്തന്നെ സഹോദരനെപ്പോലും ദ്രോഹിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നു!" (1 കൊറി 6:7-8). വചനമനുസരിച്ചു ജീവിക്കാനായാൽ നമ്മെ നോക്കി സമൂഹം പറയും ഇത് ഒരു സത്യക്രിസ്ത്യാനിയാണ്. ദൈവം പറയും 'ഇവൻ എന്റെ പ്രിയപുത്രനാണ്'.

***'ജീവിതത്തിലോ മരണത്തിലോ ഒരിക്കലും ഉപേക്ഷിക്കാത്ത സുഹൃത്തുക്കളുടെ സമൂഹത്തിലേക്ക് മാമ്മോദീസാവഴി ശിശു പ്രവേശിപ്പിക്കപ്പെടുന്നു... ഇപ്പോൾ ശിശുവിനു പ്രവേശനം ലഭിച്ചിരിക്കുന്ന ഈ സുഹൃദ്സമൂഹം, ഈ ദൈവകുടുംബം എപ്പോഴും അവനോടൊപ്പം സഞ്ചരിക്കും. സഹനങ്ങളിൽപ്പോലും ജീവിതത്തിന്റെ ഇരുണ്ട രാത്രികളിൽപ്പോലും അത് അവന് ആശ്വാസവും സ്വസ്ഥതയും പ്രകാശവും നൽകും'***

*(ബെനഡിക്ട് പതിനാറാമൻ മാർപാപ്പ, ജനുവരി 8, 2006).*



# കാവലാൾ - 20

ജാൻസി ടീച്ചർ
കറുകപ്പറമ്പിൽ

**അ**ന്നു സ്റ്റീനായ്ക്ക് വലിയ സന്തോഷമായിരുന്നു. കാരണം കുഞ്ഞാന്റിയുടെ വയറ്റിൽ ഒരു കുഞ്ഞുവാവയെ ഈശോ നല്കിയിരിക്കുന്നു. ഉണ്ണിയീശോയെ ഉദരത്തിൽ വഹിച്ച പരി. അമ്മയുടെ മുഖമാണ് അവൾക്ക് ഓർമ്മവന്നത്. അവൾ കുഞ്ഞാന്റിയുടെ ഉദരത്തിൽ കുരിശു വരച്ചു, സ്നേഹത്തോടെ ഉമ്മ വച്ചു.

'കുഞ്ഞേ, നിന്നെ ദൈവം തന്നതാ', ഞാൻ നിന്റെ ചേച്ചിയാ'. കുഞ്ഞാന്റി നന്നായി പ്രാർത്ഥിക്കണേ... 'കുഞ്ഞിനെയും പ്രാർത്ഥിപ്പിക്കണേ'. 'നമ്മൾ കുഞ്ഞിനോടു പറയുന്നതുപോലെ കുഞ്ഞ് ആയിത്തീരുമെന്ന് ഞാൻ എവിടെയോ വായിച്ചത് ഓർക്കുന്നു'.

അവൾ ഗൊരേത്തിയമ്മയുടെ അടുത്ത് ഈ സന്തോഷവാർത്ത പങ്കുവയ്ക്കാൻ ഓടിച്ചെന്നപ്പോൾ കതക് തുറന്നുകിടപ്പുണ്ടായിരുന്നു, പക്ഷേ അമ്മയെ അവിടെ കണ്ടില്ല. 'അമ്മേ, ഗൊരേത്തിയമ്മേ, ഞാനാ സ്റ്റീനാ. എവിടെയാ അമ്മ?' ഒരു ചെറിയ ഞരക്കം അവിടെ കേട്ടു. അവൾ മുറിയുടെ അകത്തേക്കു കയറിച്ചെന്നപ്പോൾ സിസ്റ്റർ എന്തോ ആംഗ്യം കാണിച്ചു. ഒന്നും മിണ്ടാനാവാതെയുള്ള ആ കിടപ്പു കണ്ടപ്പോൾ അവൾ വേഗം മാഗിയമ്മയുടെ അടുത്തേക്ക് ഓടി. പെട്ടെന്നുതന്നെ ഗൊരേത്തിയമ്മയെ ആശുപത്രിയിൽ കൊണ്ടുപോയി.

കുട്ടികളായി അവിടെയുള്ള മൂന്നുപേരും ഒരുമിച്ച് കൈപിടിച്ച് മാതാവിന്റെ മാദ്ധ്യസ്ഥ്യം യാചിച്ച് കൊന്ത ചൊല്ലി. ഏതോ ഒരു ഉൾഭയം അവളെ അലട്ടി. ഗൊരേത്തിയമ്മയ്ക്ക് സ്വർഗ്ഗത്തിലേക്കു പോകാനുള്ള സമയമാകുന്നു എന്ന തോന്നൽ അവളിൽ ശക്തമായി. മരിയയോട് അവൾ പറഞ്ഞു: 'അമ്മയുടെ ആത്മാവിന് കൂട്ടായിരിക്കണമേ എന്ന് നമുക്കു പ്രാർത്ഥിക്കാം.'



'ദേ, സ്റ്റീനാ നമ്മുടെ ഗൊരേത്തിയമ്മ....!

പ്രതീക്ഷിച്ച ആ വാർത്ത എത്തി. ഗൊരേത്തിയമ്മ ദൈവപിതാവിന്റെ സന്നിധിയിലേക്ക് യാത്രയായി. ഒരാൾ ഇല്ലാതാകുമ്പോഴല്ലേ അവർ നമ്മുടെ ജീവിതത്തിൽ എത്ര പ്രിയപ്പെട്ടവരായിരുന്നു എന്ന് മനസ്സിലാവുക.

സ്റ്റീനായ്ക്ക് വലിയൊരു ശൂന്യത മനസ്സിൽ അനുഭവപ്പെട്ടു. തികച്ചു ഒറ്റപ്പെട്ടുപോയതുപോലെ.

മിനിക്കുട്ടി അവളോടു ചോദിച്ചു: ‘ചേച്ചീ, ഇനി നമുക്ക് ആര് മിഠായി പാത്തുവച്ചു തരും, ഞാനിനി ആരുടെ മടിയിൽ കയറിയിരിക്കും’? അവൾ എന്തൊക്കെയോ പറയുമ്പോൾ സ്റ്റീനാ മനസ്സിനെ ശാന്തമാക്കാൻ ശ്രമിക്കുകയായിരുന്നു. അവൾ പറഞ്ഞു: ‘മോളെ മിനിക്കുട്ടീ, നമ്മൾ ചിലരെ കണ്ടുമുട്ടുന്നു, വേർപിരിയുന്നു. നമുക്കു സ്നേഹം തന്നതുപോലെ ഉണ്ണിയീശോയെ മടിയിൽവച്ചു താലോലിക്കാൻ ഗൊരേത്തിയമ്മയെ സ്വർഗ്ഗത്തിനു വേണമായിരുന്നു’.

ഇനി ഗൊരേത്തിയമ്മയ്ക്ക് എപ്പോഴും നമ്മളെ കാണാൻ പറ്റും......

നമുക്കുവേണ്ടി പ്രാർത്ഥിക്കാൻ പറ്റും......

നമുക്കിപ്പോൾ അമ്മയുടെ ആത്മാവിനെ പരി. അമ്മയോടു പറഞ്ഞ് സ്വർഗ്ഗത്തിൽ കയറ്റാം.

‘അതിനു ഞാൻ പറഞ്ഞാൽ പരിശുദ്ധ അമ്മ കേൾക്കുമോ?’

‘പിന്നെ മിനിക്കുട്ടിയെ മാതാവിന് എത്ര ഇഷ്ടമാ, അതുകൊണ്ടല്ലേ അമ്മ കടലിൽനിന്ന് തിരിച്ചു കൊണ്ടുവന്നത്’!

‘ശരിയാ നമ്മുടെ ഗൊരേത്തിയമ്മ മാലാഖയാകുമോ?’

അത്.......

മാലാഖയല്ല, വിജയസഭയിലെ അംഗമായി ദൈവത്തോടൊപ്പം കഴിയും.

‘അവർ എന്തുടുപ്പാ ഇട്ടിരിക്കുന്നത്?’

‘അവരുടെ ദേഹത്ത് പ്രകാശംകൊണ്ടുള്ള ഉടുപ്പാണുള്ളത്’

‘ചേച്ചി കണ്ടിട്ടുണ്ടോ?’

‘ഇല്ല, മാതാവു പറഞ്ഞുതന്നതാ’

ഗൊരേത്തിയമ്മയുടെ ഭൗതികശരീരം അടക്കി എല്ലാവരും പിരിഞ്ഞുപോയിട്ടും ആ കുഞ്ഞുങ്ങൾ ആ കല്ലറയ്ക്കു മുമ്പിൽ മെഴുതിരി കത്തിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മാഗിയമ്മ അവരുടെ അടുത്തു വന്നത് അവർ അറിഞ്ഞില്ല. മിനിക്കുട്ടിയെ സിസ്റ്റർ ചേർത്തുപിടിച്ചു.

‘വാ, നമുക്കു പോകാം’

മാഗിയമ്മയുടെ സമീപനം അവർക്ക് അത്ഭുതമായി. (തുടരും)






**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ദൈവം തന്റെ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിനായി പ്രത്യേകം തിരഞ്ഞെടുത്ത അബ്രാഹത്തിന്റെ മകനായ ഇസഹാക്കിന്റെ രണ്ട് പുത്രന്മാരിൽ ഒരുവനാണ് യാക്കോബ്. 'കുതിക്കുന്നവൻ', 'സ്ഥാനം തട്ടിയെടുക്കുന്നവൻ', 'ദൈവം രക്ഷിക്കട്ടെ' എന്നെല്ലാമാണ് യാക്കോബ് എന്ന വാക്കിനർത്ഥം (ഉൽപ 25,20-26). ഒരു വ്യക്തിയുടെ പേര് ഒരു ജനതയ്ക്ക് ലഭിക്കുന്ന നിയോഗമാണ് യാക്കോബിനുള്ളത്. കാരണം 'ഇസ്രായേൽ' എന്നു കൂടി അദ്ദേഹത്തിനു പേരുണ്ട്. മറ്റുള്ളവരെ കബളിപ്പിക്കുകയും മറ്റുള്ളവരാൽ കബളിപ്പിക്കപ്പെടുകയും ചെയ്യുന്ന മാനുഷിക സ്വഭാവം ഏറെ പ്രകടമാണ് യാക്കോബിന്റെ ജീവിതത്തിൽ. അധികാരസ്വപ്നങ്ങൾ നെഞ്ചിൽ ചുമന്നവൻ പിതാവിന്റെയും സഹോദരന്റെയും ബലഹീനതയെ ചൂഷണം ചെയ്യുന്നു. കടിഞ്ഞൂലവകാശവും അന്ത്യാശീർവാദവും അമ്മയായ റെബേക്കായുടെ ഒത്താശയോടെ തട്ടിയെടുക്കുന്ന യാക്കോബിന്റെ സ്വഭാവം - ഉൽ 25,29-34; ഉൽ 27,1-29 വ്യക്തമാക്കുന്നു. ചൂഷണവും കബളിപ്പിക്കലും ഒളിച്ചോട്ടത്തിലേക്കു നയിക്കുന്ന ജീവിതശൈലി അദ്ദേഹത്തിൽ തെളിഞ്ഞുനിൽക്കുന്നു. സഹോദരനിൽനിന്ന് ഓടിപ്പോകുന്ന യാക്കോബ് 'ലൂസ്' എന്ന സ്ഥലത്തു വച്ച് മണ്ണിനെയും വിണ്ണിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗോവണിയിലൂടെ മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും, ഗോവണിയുടെ മുകളിൽ നിന്നുകൊണ്ട് കർത്താവു സംസാരിക്കുന്നതായും കണ്ടു. കർത്താവിന്റെ അനുഗ്രഹം ലഭിച്ച ഈ സ്ഥലം പിന്നീട് "ദൈവസാന്നിധ്യത്തിന്റെ ഭവനം" എന്നർത്ഥമുള്ള ബഥേൽ ആയി മാറി (ഉൽപ 28,10-22). യാക്കോബിനായി ദൈവം കരുതിവച്ച അനുഗ്രഹങ്ങൾ നോക്കുക:-

- **ദേശം കൊടുക്കും**
- **സന്താന പുഷ്ടി നല്കും**
- **ദൈവം കൂടെ നിൽക്കും**

മാനുഷികയുക്തിക്കും ബുദ്ധിക്കും അതീതമായ കാഴ്ചപ്പാടുകൾ. ദൈവത്തിന്റെ അനുഗ്രഹവും വാങ്ങി നന്ദി അർപ്പിച്ചശേഷം അവൻ യാത്ര തുടർന്നു. കിഴക്കുദേശത്ത് അമ്മാവനായ ലാബാന്റെ അടുത്തെത്തി.

അവിടെ റാഹേലിനെ പ്രണയിച്ച യാക്കോബിന് ലെയായെ നല്കി ലാബാൻ കബളിപ്പിക്കുന്നു. അവന് ഭാര്യമാരെ കിട്ടാൻ 7+7 വർഷങ്ങൾ! പിന്നെയും 7 പ്രായശ്ചിത്തത്തിന്റെ വർഷങ്ങൾ! യാക്കോബിന് ലെയായിലും റാഹേലിലും അവരുടെ ദാസിമാരായ സിൽഫായിലും ബിൽ ഹായിലുമായി 12 മക്കൾ ജനിച്ചു. ഇവരാണ് പിന്നീട് ഇസ്രായേലിലെ 12 ഗോത്രപിതാക്കന്മാരായി മാറിയത് (ഉൽ 35,23-26).



വർഷങ്ങൾക്കുശേഷം ലാബാനുമായി അനൈക്യം ഉണ്ടായപ്പോൾ കാനാനിലേക്ക് യാക്കോബ് വീണ്ടും ഒളിച്ചോടുന്നു (ഉൽ 31,1-55). ജീവിത പ്രതിസന്ധികളിൽ ഒളിച്ചോട്ടങ്ങൾ നടത്തുന്ന യാക്കോബ് ഇന്നത്തെ ലോകത്തും പലവിധവും അവതരിക്കുന്നുണ്ട്. ഏസാവിനെ തേടിപ്പോകുന്ന യാത്രയിലും യാക്കോബ് സംഘർഷഭൂമിയിൽ ജീവിക്കുന്നു. തന്റെ കുടുംബാംഗങ്ങളെയും സമ്പത്തും പുഴയുടെ മറുകരയിലാക്കിയശേഷം ഒറ്റയ്ക്ക് ഇങ്ങേക്കരയിൽ ചിലവിടുന്ന സമയം. ദൈവദൂതനുമായി രാത്രി മുഴുവൻ മൽപിടുത്തം നടത്തുന്നവൻ. അമ്മയുടെ ഉദരത്തിൽവച്ചും സഹോദരനുമായി മല്ലിട്ടവനാണവൻ (ഉൽപ 25,23). ദൈവത്തോട് മല്ലടിച്ച് യാക്കോബ് മുടന്തനാകുന്നു. ജീവിതത്തിൽ നടന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ഹൃദയാന്തർഭാഗത്തിൽ യുദ്ധഭൂമിയായിത്തീരുന്നു. മാനുഷികതയും ദൈവികതയും തമ്മിൽ മല്ലിടുന്നു. ദൈവിക സ്പർശനത്തിൽ മനഃസാക്ഷിയുടെ സ്വരത്തിന് കാതോർത്തപ്പോൾ അഹങ്കാരചിന്തകൾ നിലംപതിക്കുന്നു. തിരിച്ചറിവിന്റെ തീരത്താണവൻ എത്തുന്നത്. ഭൂതകാലത്തിന്റെ കാപട്യവും വഞ്ചനയും അവന്റെ മനഃസാക്ഷിയെ ചോദ്യം ചെയ്യലിന് വിധേയമാക്കിക്കാണും. സമ്പത്ത് ഏറെ വാരിക്കൂട്ടിയെങ്കിലും തന്നിലെ ദൈവിക വീക്ഷണത്തിൽ മുടന്തനായി പുതിയ സൃഷ്ടിയിലേക്ക് വളർച്ച പ്രാപിക്കുന്നു. മൽപ്പിടുത്തം അവന്റെ തീവ്രമായ പരിഹാരപ്രാർത്ഥനയാണ്. ലോകസമ്പത്തുകൾ ഭാരപ്പെടുത്തുന്ന സംഭവങ്ങൾ. ഇവ മറുകരയിലുപേക്ഷിക്കുവാൻ തയ്യാറാവണം. സ്വയം മറന്ന് ചെറുതാകണം, പ്രതിസന്ധികളിൽ ദൈവത്തെ ചേർത്തുനിർത്തണം ഇവയൊക്കെ യാക്കോബ് നമ്മോട് മൗനമായി പറഞ്ഞുതരുന്നു. അദ്ദേഹം ഉളുക്ക് തന്ന ദൈവത്തെ ശപിക്കയല്ല; അനുഗ്രഹം ചോദിച്ചുവാങ്ങുകയാണ് ചെയ്യുന്നത്. അതായത് യാക്കോബ് ഇസ്രായേൽ

ആയി രൂപപ്പെടുന്നു. ജ്യേഷ്ഠനെ കാണുമ്പോൾ യാക്കോബിന് ഒന്നേ പറയുവാനുള്ളൂ:**"ദൈവത്തിന്റെ മുഖം കണ്ടാലെന്നതുപോലെയാണ് ഞാൻ അങ്ങയുടെ മുഖം കാണുന്നത്"** (ഉൽ 33,10).

ദൈവസന്നിധിയിൽ ശാന്തമായിരുന്ന് ഹൃദയം തുറക്കുമ്പോഴുള്ള ആത്മസംഘർഷങ്ങളും തിരിച്ചറിവുകളും ഉൾക്കാഴ്ചകളുമാണ് യാക്കോബിനെ രൂപാന്തരപ്പെടുത്തിയത്. പിന്നീട് അദ്ദേഹം പങ്കുവയ്ക്കലിന്റെ മനുഷ്യനായി മാറുന്നു. തന്റെ സമ്പത്തിൽ ഏറിയ പങ്കും സഹോദരന് നല്കുന്നു - നിറമനസ്സോടെ, സന്തോഷ ത്തോടെ. അവിടെ ആത്മാവിന്റെ വളർച്ച ആരംഭിക്കുകയായി. പരുക്കേറ്റവൻ പരാതി പറയാതെ അനുഗ്രഹത്തിനായി തല ചായ്ക്കുന്ന ദൃശ്യം അനുകരണീയമാണ്. മുടന്തുമൂലം സ്വയം ആശ്രയിക്കാൻ സാധിക്കാത്തവൻ ദൈവത്തെ ആശ്രയിക്കുന്നു, അവിടുത്തെ അള്ളിപ്പിടിക്കുന്നു. എന്നെ അനുഗ്രഹിച്ചിട്ടല്ലാതെ അങ്ങയെ ഞാൻ വിടുകയില്ലെന്ന് ശാഠ്യം പിടിക്കുന്നു. നമ്മിലെ ചില അടവുകൾ മാറ്റിയാൽ ദൈവം അനുഗ്രഹിക്കും. ദൈവം എന്റെമേൽ വിജയം വരിച്ചാൽ ഞാൻ ദൈവാനുഗ്രഹമുള്ളവനാകും. യാക്കോബിന്റെ ജീവിതം അതാണ് നമ്മെ പഠിപ്പിക്കുന്നത്.

ദൈവം അവനോടു പറയുന്നു: "ഇനിമേൽ നീ യാക്കോബ് എന്നല്ല, ഇസ്രായേൽ എന്ന് വിളിക്കപ്പെടും. കാരണം ദൈവത്തോടും മനുഷ്യരോടും നീ മല്ലിട്ട് ജയിച്ചിരിക്കുന്നു". പരിഹാരം ചെയ്യാനും മാപ്പിരക്കാനും തയ്യാറായി മുമ്പിൽ നിൽക്കുന്ന യാക്കോബിനെ ദൈവം മൽപിടുത്തത്തിലൂടെ സ്വന്തമാക്കുന്നത് പെനുവേൽ എന്ന സ്ഥലത്താണ്. നമ്മെയും ദൈവമകൻ/മകൾ ആക്കുവാൻ പെനുവേൽ അനുഭവങ്ങൾ ഉണ്ടാവണം. പ്രാർത്ഥനയിൽ വിജയിച്ചാൽ, ജീവിതത്തിൽ വിജയിക്കും. പെനു വേൽ എന്നാൽ ദൈവത്തിന്റെ മുഖം എന്നാണർത്ഥം.അതേ, ദൈവത്തിന്റെ മുഖം കണ്ടവൻ ഇസ്രായേലായി മാറുന്നു. പിന്നീട് ഏസാവിനെ യാക്കോബല്ല; ഇസ്രായേലാണ് കാണുന്നത്. ദൈവത്തിന്റെ കണ്ണിലൂടെ മുമ്പിലുള്ളവയെ അവൻ വീക്ഷിക്കുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തി കാണുക - ഏഴു തവണ നിലംമുട്ടെ താണുവണങ്ങി സഹോദരനെ സ്വീകരിക്കുന്നു.

കാലങ്ങൾ കഴിഞ്ഞപ്പോൾ മക്കളാൽ കബളിപ്പിക്കപ്പെടുന്ന യാക്കോബിനെ കാണാം (ഉൽ 37). ഇഷ്ടപുത്രനെ സഹോദരന്മാർ അടിമയായി വിൽക്കുന്നതും, നാട്ടിലെ ദാരിദ്ര്യവും ക്ഷാമവും വൃദ്ധനായ യാക്കോബിനെ വേദനിപ്പിക്കുന്നു. വിശപ്പകറ്റാൻ ഇസ്രായേൽ തന്റെ കുടുംബം മുഴുവനുമായി ഈജിപ്തിലേക്ക് ചേക്കേറുമ്പോൾ ജോസഫിനെ തിരിച്ചുകിട്ടുന്നത് വിവരിക്കാനാവാത്ത വികാരമാണ് കാഴ്ചവയ്ക്കുന്നത്. ദൈവം കൂടെനിന്ന് സാന്ത്വനിപ്പിക്കുന്ന കാഴ്ച ഉൽ 26,1-4 വാക്കുകളിൽ കാണാം. അന്ത്യകാലത്ത് തന്റെ സന്തതികളെ മുഴുവൻ ചേർത്തുനിർത്തി സുബോധത്തോടെ അനുഗ്രഹിച്ച്, തനിക്ക് പറയാനുണ്ടായിരുന്നത് പറഞ്ഞുതീർന്നപ്പോൾ യാക്കോബ് കിടക്കയിലേക്ക് ചാഞ്ഞു. അവൻ അന്ത്യശ്വാസം വലിച്ച് തന്റെ ജനത്തോട് ചേർന്നു.

*യാക്കോബ് പറയുന്നു:*

- **ജീവിതാനുഭവങ്ങളുടെ പിന്നിൽ ദൈവത്തിന്റെ പദ്ധതിയുണ്ട്.**
- **സ്വന്തം താത്പര്യങ്ങളോട് മല്ലിട്ട് ദൈവഹിതത്തിന് വിധേയപ്പെടാൻ ശ്രമിക്കുക.**
- **യാക്കോബിൽനിന്ന് ഇസ്രായേലിലേക്കുള്ള വളർച്ച മാതൃകയാക്കുക.**



# ഈശോ: പിതാവിന്റെ സ്നേഹം വെളിപ്പെടുത്തുന്നവൻ

**റവ. ഫാ. ധനൂപ് ചുങ്കത്ത്**
**കല്യാൺ രൂപത**

ഈശോ തന്റെ പരസ്യജീവിതത്തിനു മുന്നോടിയായി സ്നാപകനിൽനിന്ന് മാമോദീസാ സ്വീകരിക്കുന്ന സംഭവത്തോടെ ദനഹാക്കാലം ആരംഭിക്കുകയാണല്ലോ. പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിൽ വളരെ പ്രാധാന്യമുള്ള മിശിഹാസംഭമാണ് ഈശോയുടെ മാമ്മോദീസാ. ഈയൊരു മിശിഹാസംഭവം നാം അനുസ്മരിക്കുമ്പോൾ തെളിഞ്ഞു കിട്ടുന്ന വിചാരം പിതാവായ ദൈവം തന്റെ പുത്രനെ ഈ ലോകത്തിനു വെളിപ്പെടുത്തികൊടുക്കുന്നു എന്നതാണ്. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ എഴുന്നള്ളിവന്ന് ഈശോയിൽ ആവസിക്കുന്നു. എന്നാൽ പാശ്ചാത്യസഭയിൽ, ജ്ഞാനികൾ ഈശോയെ സന്ദർശിച്ച തിരുനാളായി ഇത് ആഘോഷിക്കപ്പെടുന്നു. ഇത് അർത്ഥമാക്കുന്നത് രക്ഷകനെ ദൈവം വെളിപ്പെടുത്തികൊടുത്തത് യഹൂദർക്ക് പുറമേ വിജാതീയർക്കുകൂടിയാണ് എന്നുള്ള സത്യമാണ്.

## ദൈവിക വെളിപ്പെടുത്തൽ

ആദത്തിന്റെയും ഹവ്വായുടെയും അനുസരണക്കേട് എന്ന പാപംമൂലം ഈ ലോകത്തിലെ മനുഷ്യന്റെ പതനം സംഭവിച്ചുവെങ്കിൽ, അതിനുള്ള പരിഹാരമാണ് - മനുഷ്യരക്ഷയിലേക്കുള്ള വഴിയാണ് ഈശോയുടെ ജ്ഞാനസ്നാനം. തന്റെ രഹസ്യജീവിതത്തിന് വിരാമം കുറിക്കുവാൻ ഈശോ കടന്നുചെല്ലുന്നത് സ്നാപകയോഹന്നാന്റെ പക്കലേക്കാണ്. ഈശോയെ കണ്ട സ്നാപകൻ പറയുന്നു: "ഞാൻ നിന്നിൽനിന്ന് സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ, നീ എന്റെ അടുത്തേക്ക് വരുന്നുവോ?" (മത്തായി 3,14). ഇതിനു മറുപടിയായി ഈശോ പറയുന്നു: "ഇപ്പോൾ ഇതു സമ്മതിക്കുക; അങ്ങനെ സർവനീതിയും പൂർത്തിയാക്കുക" (മത്തായി 3,15).

ആദിമാതാപിതാക്കളുടെ പാപത്തിന്റെ ഫലമായി അവർക്കു നഷ്ടപ്പെട്ട പറുദീസായിലേക്കുള്ള ആദ്യത്തെ ചുവടുവയ്പാണ് ഈശോയുടെ ജ്ഞാനസ്നാനം. ഈശോയുടെ വാക്കുകൾക്ക് അനുസരണം എന്ന പുണ്യത്തിലൂടെ സ്നാപകൻ വില കല്പിച്ചപ്പോൾ ദൈവം ഈ ലോകത്തിന് രക്ഷകനെ വെളിപ്പെടുത്തികൊടുത്തു. ആദിമാതാപിതാക്കൾ അനുസരണത്തിലൂടെ ദൈവപുത്രത്വം നഷ്ടപ്പെടുത്തിയപ്പോൾ ഈശോ ദൈവഹിതം പൂർണമായി അനുസരിച്ചുകൊണ്ട്, മനുഷ്യമക്കൾക്കു നഷ്ടപ്പെട്ട ദൈവപുത്രത്വം വീണ്ടെടുത്തു തന്നു.

## സ്വയം വെളിപ്പെടുത്തൽ

പരിശുദ്ധ ത്രിത്വത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് ഈശോയുടെ മാമ്മോദീസാവേളയിലുണ്ടായത്. തുടർന്നുള്ള പരസ്യജീവിതത്തിൽ ഈശോ പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തൽ തുടരുകയായിരുന്ന. കാനായിലെ വിവാഹവിരുന്നിൽ വീഞ്ഞു തീർന്നുപോയപ്പോൾ മറിയം ഈശോയോടു പറയുന്നു: "മകനേ അവർക്ക് വീഞ്ഞില്ല" (യോഹ 2,3). ഇതിന്റെ മറുപടി ഈശോ പറയുന്നത് യോഹന്നാൻ 2,5-ൽ നമുക്ക് കാണുവാൻ സാധിക്കും. "എന്റെ സമയം ഇനിയും ആയിട്ടില്ല". മറിയത്തിന്റെയും ഈശോയുടെയും വാക്കുകളിൽ വേദനയും സന്തോഷവും പ്രതീക്ഷയുമെല്ലാം ഒളിഞ്ഞുകിടക്കുന്നുണ്ട്. കാരണം, ഈശോയുടെ പീഡാനുഭവത്തിലും മരണത്തിലും ഉത്ഥാനത്തിലും അവസാനിക്കുന്ന മഹത്ത്വീകരണത്തിന്റെ സമയമാണ് ഇവിടെ സൂചിതം. പിതാവിന്റെ ഹിതത്തിന്, പദ്ധതികൾക്ക് അതേ എന്ന് പറയുന്ന ഈശോയ്ക്കും മറിയത്തിനും അറിയാം, എന്ന് ഈശോ തന്റെ പരസ്യജീവിതം ആരംഭിക്കുന്നുവോ, അന്ന് തന്റെ കാൽവരി മലയിലേക്കുള്ള യാത്രയും ആരംഭിക്കും എന്ന്. അനേകർക്ക് സന്തോഷം പകരുന്ന മൂന്നു വർഷത്തെ യാത്ര; അതിന്റെ അന്ത്യത്തിൽ ലോകത്തിന്റെ പാപം ചുമന്നുകൊണ്ടുള്ള വേദന നിറയുന്ന കാൽവരി യാത്ര, പിന്നെ സകല ജനത്തിന്റെയും പ്രത്യാശയായി, പ്രതീക്ഷയായി തീരുന്ന മിശിഹായുടെ ഉയിർപ്പ്. ഈ ജീവിതസത്യങ്ങളിലേക്ക് ഈശോ നടന്നടുക്കുന്നത്, താൻ ലോകത്തിന് സ്വയം വെളിപ്പെടുത്തികൊടുത്ത കാനായിലെ കല്യാണവിരുന്നിലെ ആദ്യത്തെ അത്ഭുതത്തിലൂടെയാണ്. ഇവിടെയും പൂർത്തീകരിക്കപ്പെടുന്നത് ദൈവഹിതം തന്നെയാണ്.

ദൈവം ലോകത്തിനു നല്കിയ, വെളിപ്പെടുത്തിയ, മിശിഹാ തന്റെ പരസ്യജീവിതത്തിലൂടെ സ്വയം വെളിപ്പെടുത്തൽ തുടരുന്നു. പിറവിയിൽനിന്നും ഉത്ഥാനത്തിലേക്കുള്ള യാത്ര... ഈ യാത്രാമദ്ധ്യത്തിലെ വെളിപ്പെടുത്തലുകൾ... അത് നമുക്ക് സമ്മാനിക്കുന്ന ബോധ്യങ്ങൾ, സന്തോഷങ്ങൾ, പ്രതീക്ഷകൾ, നന്മകൾ, വേദനകൾ നമ്മെ പുതിയ മനുഷ്യരായി തീർക്കാൻ സഹായിക്കട്ടെ.




# വിചാരങ്ങൾ വിശുദ്ധമാകട്ടെ



മെർലിറ്റ് അഞ്ചാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**'സാഹോദര്യസ്നേഹത്തിനു മാത്രമേ ഇന്നത്തെ ലോകത്തെ സ്വതന്ത്രമാക്കാൻ സാധിക്കുകയുള്ളു'** (+G. G)




**വി**ശുദ്ധ യോഹന്നാന്റെ സുവിശേഷം 10-ാം അധ്യായം 10-ാം വാക്യത്തിൽ ഈശോ പറയുന്നു: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്". ജീവൻ എന്നത് ഒരു വ്യക്തിയുടെ ജീവിതത്തിലെ എല്ലാ മേഖലകളെയും അതിന്റെ സമഗ്രതയിൽ ഉൾക്കൊള്ളുന്ന പദമാണ്. നമുക്കറിയാവുന്നതുപോലെ, ഭൂമി സമൃദ്ധമായ ഫലം പുറപ്പെടുവിക്കണമെങ്കിൽ അതിന് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കപ്പെടണം. കാലാകാലങ്ങളിൽ മഴയും മഞ്ഞും വെയിലും വളവുമെല്ലാം നല്കപ്പെട്ടെങ്കിൽ മാത്രമേ അതിൽനിന്നും യഥാസമയം ഫലങ്ങൾ അനുഭവിക്കുവാൻ സാധിക്കുകയുള്ളു. അതുപോലെ മനുഷ്യൻ ജീവന്റെ സമൃദ്ധിയിൽ

ജീവിക്കണമെന്നാണ് ദൈവം അഭിലഷിക്കുന്നത്. ജീവിതത്തിൽ മറ്റുള്ളവർക്ക് ജീവനും സന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്നവരായിത്തീരുവാൻ വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമാണ് എന്ന ബോധ്യം, ചിന്ത നമ്മെ അനുധാവനം ചെയ്യുമ്പോഴാണ് അവരുടെ ജീവനും ജീവിതത്തിനും വില കൽപ്പിക്കാൻ നമുക്കു സാധിക്കുക. എന്നാൽ ഇന്ന് മനുഷ്യജീവനെ, അതിന്റെ മഹത്ത്വത്തെ കളങ്കപ്പെടുത്തുന്ന, ജീവിതത്തെ അലോസരപ്പെടുത്തുന്ന ഒട്ടേറെ സംഭവങ്ങൾക്ക് നാം സാക്ഷിയായിക്കൊണ്ടിരിക്കുകയാണ്. ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്ന, പ്രാണൻ അപകടത്തിലാക്കുന്ന ഒരു സംസ്കാരം അരക്ഷിതത്വത്തിന്റെ പുകമറ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണിന്ന്.

പരസ്പരമുള്ള അവകാശങ്ങളെ മാനിക്കുവാൻ കഴിയുന്നില്ലെങ്കിൽ അതിനർത്ഥം നമ്മുടെ സ്വാർത്ഥതയ്ക്ക് തടസ്സമായി നില്ക്കുന്നവരെ നാം ഇഷ്ടപ്പെടുന്നില്ല എന്നാണല്ലോ. എന്നെപ്പോലെതന്നെ എല്ലാവിധത്തിലുമുള്ള ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കും അർഹതപ്പെട്ടവനാണ് മറ്റേയാളും എന്ന ബോധ്യം നമുക്കുണ്ടാകണം. അങ്ങനെവരുമ്പോൾ എന്റെ സ്വാർത്ഥതമൂലം മറ്റൊരാളുടെ അവകാശങ്ങൾ ഹനിക്കപ്പെടുകയില്ല. അടിസ്ഥാനപരമായി സ്നേഹമെന്ന മൂല്യം സ്വാർത്ഥതയുടെ ആൾരൂപം ധരിച്ചതാണ് ഇന്നത്തെ ധാർമ്മികമായ പതനത്തിന് ഇടയാക്കിയതെന്ന് മനസ്സിലാക്കാൻ സാധിക്കും.

ധാർമ്മികതയുടെ ശോഷണം അടിമത്തമാണ്-മറ്റാർക്കും നമ്മുടെ മനസ്സിലോ ജീവിതത്തിലോ സ്ഥാനം നല്കാത്ത, അഥവാ നല്കിയാൽത്തന്നെ നമ്മുടെ സ്വാഭീഷ്ടങ്ങൾക്കു മാത്രം അവരെ ഉപകരണങ്ങളാക്കുന്ന മനസ്സിന്റെ അടിമത്തം. "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരെനെയും സ്നേഹിക്കുക" എന്ന ക്രിസ്തുവചനം ഓർമ്മിക്കാം. എന്നെക്കൊണ്ട് ആവശ്യമുള്ളവരെല്ലാം എന്റെ അയൽക്കാരാണ്. സ്നേഹവും കരുണയും കരുതലും അനുകമ്പയുമെല്ലാം ആർക്കൊക്കെ ആവശ്യമുണ്ടോ അവർക്കെല്ലാം ഞാനും അയൽക്കാരനാകണം.

അതിരുകടന്ന സ്വാർത്ഥപ്രേമംമൂലം അയൽക്കാരാകേണ്ടവർ അന്തകരാകുന്ന സ്ഥിതിവിശേഷമാണ് എങ്ങും നടമാടുന്നത്. മാതാപിതാക്കന്മാർ കുഞ്ഞുങ്ങളുടെ അന്തക



രാകുന്നു; ഭാര്യാഭർത്താക്കന്മാർ പരസ്പരം അന്തകരാകുന്നു; സഹോദരൻ സഹോദരനെയും സുഹൃത്ത് സ്വന്തം കൂട്ടുകാരനെയും വകവരുത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും യാതൊരു സുരക്ഷിതത്വവും ഇല്ലാത്ത സ്ഥിതി വന്നിരിക്കുന്നു. സ്വന്തം ആഗ്രഹപൂരണത്തിന്റെ ഇരകളാക്കി കൊന്നുതള്ളാനും തീപ്പന്തങ്ങളാക്കി തെരുവിൽ ചുട്ടെരിക്കാനും തക്കവിധം സ്നേഹം തണുത്തുറഞ്ഞുപോയ ഒരു സംസ്കാരമായി മാറിയോ നമ്മുടേത്? നമ്മോടു തന്നെ ചോദിക്കേണ്ട ചോദ്യമാണിത്.

പരസ്പരം ആദരിക്കാനും സംരക്ഷിക്കാനും സാധിക്കേണ്ട സ്ത്രീപുരുഷബന്ധങ്ങൾ അതിരുവിട്ട അരാജകത്വത്തിന്റെ നീരാളിക്കൈകളിൽ ആണ്ടുപോകുന്നത് ഗൗരവത്തോടെ കാണേണ്ടതുണ്ട്. ഒരു സമൂഹത്തിന്റെ ധാർമ്മികതയിലുള്ള അധഃപതനത്തിന് വഴിതെളിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്. അതിന് രാഷ്ട്രീയ, സാമൂഹ്യ, കുടുംബതലങ്ങളിൽ വേണ്ടതുപോലെ ബോധവത്ക്കരണം ഉണ്ടാകണം. മാധ്യമങ്ങളിലൂടെ അതിരുകവിഞ്ഞ നിഷേധാത്മക ചിന്തകൾ മനസ്സുകളെ വിഷലിപ്തമാക്കുന്നു എന്നതിൽ രണ്ടുപക്ഷമില്ല. ധാർമ്മികതയുടെ നിലവാരം തീരെയില്ലാത്ത മാധ്യമസംപ്രേക്ഷണങ്ങൾക്ക് തടയിടാൻ രാഷ്ട്രത്തെ, സമൂഹത്തെ നയിക്കുന്നവർക്ക് സാധിക്കണം. അതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നതിൽ ഔദാസീന്യം പാടില്ല. അല്ലെങ്കിൽ നമ്മുടെ കൈപ്പിടിയിൽനിന്ന് ഊർന്നുപോകുന്നത് നമ്മുടെ ജീവിതങ്ങളാണ്, മക്കളുടെ ജീവിതങ്ങളാണ്, ഭാവി തലമുറയുടെ സ്വപ്നങ്ങളാണ്, ഒരു സംസ്കൃതിയുടെ സമ്പന്നതയാണ് എന്നത് നാം മറന്നുകൂടാ. വിചാരങ്ങൾ വിശുദ്ധമാകണം, വികാരങ്ങൾ വിവേകത്തിന് വഴിമാറണം, ആത്മനിയന്ത്രണവും സാഹോദര്യതുല്യമായ സ്നേഹവും ജീവിതത്തിന്റെ താളമാകണം.


രാഷ്ട്രീയ, സാമൂഹ്യ, മത, വിദ്യാഭ്യാസ മേഖലകളിൽ വേണ്ടത്ര ഗൗരവത്തോടെ ഇന്നത്തെ ധാർമ്മികച്യുതി വിശകലനം ചെയ്യപ്പെടേണ്ടതും ചർച്ചകളിലൂടെ അതിജീവനത്തിന്റെ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്. കെട്ടുറപ്പുള്ള കുടുംബബന്ധങ്ങളും ആത്മീയതയിലുള്ള പരിശീലനവും ഉണ്ടാകേണ്ടത് വ്യക്തികളിൽനിന്നുതന്നെയാണ് എന്ന കാര്യം നാം ഓർമ്മിക്കണം. സ്വാഭീഷ്ടം മാത്രം നോക്കി കുട്ടികളെ വളർത്തുന്ന മാതാപിതാക്കൾ ശ്രദ്ധിക്കുക: നല്കേണ്ടതും നല്കേണ്ടാത്തതും എന്തെന്ന് വിവേചിച്ചറിഞ്ഞ് കുഞ്ഞുങ്ങളെ നല്ല വ്യക്തിത്വങ്ങളാക്കി മാറ്റാൻ നിങ്ങൾക്കേ കഴിയൂ. ചപ്പുചവറുകൾ വാരി കുഞ്ഞുങ്ങൾക്ക് ആഹാരമായി ബോധമുള്ള മാതാപിതാക്കൾ നല്കില്ലല്ലോ. 'ലോകത്തിലെ ചപ്പുചവറുകളിൽനിന്നും' നല്ലതു മാത്രം പെറുക്കിയെടുത്ത് അവർക്കു നല്കുക. ആത്മീയചിന്തകൾകൊണ്ട് നിങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കുന്നതോടൊപ്പം മക്കളുടെ ഹൃദയങ്ങളിൽ ദൈവത്തെ കൊടുക്കുക; ദൈവികകാര്യങ്ങൾ ചെയ്യുവാൻ അവർക്ക് പ്രോത്സാഹനം നല്കുക; ദൈവത്തിന്റെ സ്ഥാനത്ത് അപരനെ കാണാനും അംഗീകരിക്കാനും ആദരവോടെ സ്വീകരിക്കുവാനും അവനെ പഠിപ്പിക്കുക. സർവ്വോപരി പ്രാർത്ഥനയുടെ മനുഷ്യരായി നാം മാറുക; ദൈവിക ചൈതന്യം ജീവിതത്തിൽ താനേ നിറഞ്ഞുകൊള്ളും. അതുവഴി നാം ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു വളരും-അധമ ചിന്തകളുടെ അടിമത്തത്തിൽ നിന്ന് നാം ഉയിർത്തെഴുന്നേല്ക്കും. ദൈവദാസനായ ബിഷപ് വില്യം ജക്വീൻതായുടെ പ്രാർത്ഥനയോടു ചേർത്ത് നമ്മുടെ പ്രാർത്ഥനകളും ദൈവസന്നിധിയിലേക്ക് ഉയർത്താം.

**'കർത്താവേ, ഞങ്ങളുടെ ജീവിതം അങ്ങയുടെ സ്നേഹത്തിന്റെ വിളിക്ക് സ്നേഹത്തോടുകൂടിയ ഒരു മറുപടിയായും ഞങ്ങളുടെ സഹോദരങ്ങൾക്ക് സ്നേഹത്തിന്റെ ഒരു ക്ഷണമായും മാറ്റേണമേ ആമ്മേൻ.**

# ഈശോയുടെ നിത്യയുവത്വം

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

"ക്രിസ്തു ജീവിക്കുന്നു" (Christus vivit) എന്ന അപ്പസ്തോലിക ഉദ്ബോധനത്തിന്റെ 2-ാം അദ്ധ്യായത്തിൽ യുവാവായ ഈശോയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഈശോ യുവാക്കൾക്ക് എന്നും മാതൃകയാണ്.കാരണം ഈശോ മൗലികവും ഉത്തേജകവുമായ യുവത്വത്തിന്റെ കാലഘട്ടത്തിൽ ജീവിക്കുകയും അതിനെ വിശുദ്ധീകരിക്കുകയും ചെയ്തു. തന്റെ മുപ്പതാമത്തെ വയസ്സിൽ (ലൂക്കാ 3,23) ഓജസ്സു നിറഞ്ഞ നവയൗവനത്തിൽ ഈശോ അവിടുത്തെ ദൗത്യം ആരംഭിച്ചു. അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനത്തിന് വലിയ ഒരു പ്രകാശമായിരുന്നു ഈശോ (മത്താ 4,16). അവിടുത്തെ യൗവ്വനത്തിന്റെ ഓരോ നിമിഷവും അനേകർക്കു പ്രകാശം നൽകുന്നതായിരുന്നു.



ഈശോയുടെ ബാല്യകാലവിവരണങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ പൊതുവേ കുറവാണെങ്കിലും അവിടുത്തെ കൗമാര യൗവന കാലങ്ങൾ വിശുദ്ധഗ്രന്ഥം പ്രതിപാദിക്കുന്നുണ്ട്: (1). ''മാതാപിതാക്കൾക്ക് വിധേയനായ ഈശോ" (ലൂക്കാ 2,52); (2). ജോർദ്ദാൻ നദിയിൽ സ്നാപകനിൽ നിന്നും സ്നാനം സ്വീകരിക്കുന്ന ഈശോ (മത്താ 3,13-17). (3) പ്രഘോഷണത്തിനിറങ്ങുന്ന ഈശോ (ലൂക്കാ 4,1-14). ലൂക്കാ സുവിശേഷം ഈശോയുടെ കൗമാരകാലത്തെക്കുറിച്ച് അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെ യും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു'' (ലൂക്കാ 2,52). ഈശോയുടെ ജീവിതം മാതാപിതാക്കന്മാർക്ക് ആദരം നൽകുന്നതും അവരോടു വിധേയപ്പെട്ടു നില്ക്കുന്നതുമായിരുന്നു (വാക്യം 51). പിതാവായ ദൈവത്തോടുള്ള ബന്ധത്തിലും (vertical relationship) സമൂഹത്തിലെ മറ്റുള്ളവരോടുള്ള ബന്ധത്തിലും (horizontal relationship) ഈശോ വളർന്നു.



മഹത്തായ ഒരു ദൗത്യത്തിലേക്കുള്ള ഈശോയുടെ ചുവടുവയ്പിനു മുൻപുള്ള ഒരു പ്രതിഷ്ഠാപനമാണ് അവിടുത്തെ ജ്ഞാനസ്നാനം. പിതാവായ ദൈവം സംപ്രീതനാകുന്ന സന്ദർഭമാണിത്. ഈശോ അവിടുത്തെ പുത്രനാകുന്നുവെന്ന് പ്രഖ്യാപിക്കപ്പെടുന്ന നിമിഷമാണിത് (മത്താ 3,17). വ്യത്യസ്തങ്ങളായ ദൗത്യങ്ങൾക്കായി ഇറങ്ങിപ്പുറപ്പെടുന്ന എല്ലാ യുവജനങ്ങളെയും നോക്കി പിതാവായ ദൈവം ഇപ്രകാരം പറയട്ടെയെന്ന് ഇത്തരുണത്തിൽ ഫ്രാൻസിസ് മാർപാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട്: 'നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു'.

പിതാവായ ദൈവത്തോട് പുത്രസഹജമായ ബന്ധം പുലർത്തിയിരുന്ന വ്യക്തിയായിരുന്നു ഈശോ. പിതാവിന്റെ കാര്യങ്ങളിൽ ഏറെ തല്പരനായി വളർന്നുവന്നനാണ് ഈശോ. "ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ"? (ലൂക്കാ 2,49) എന്ന ഈശോയുടെ ചോദ്യം ഇത് വ്യക്തമാക്കുന്നുണ്ട്. ഈശോ ഒരിക്കലും അന്തർമുഖനായ ഒരു യുവാവായിരുന്നില്ല; മറിച്ച് സ്വകുടുംബത്തിന്റെയും സ്വജനങ്ങളുടെയും ജീവിതത്തിൽ പൂർണ്ണമായും പങ്കുചേർന്ന ഒരു വ്യക്തിയായിരുന്നു. വളർത്തുപിതാവായ യൗസേപ്പിന്റെ ജോലി പഠിച്ച് അദ്ദേഹത്തോടൊപ്പം ജോലി ചെയ്തിരുന്ന "തച്ചന്റെ മകൻ' (മത്താ 13,55) എന്ന് വിളിക്കപ്പെട്ട വ്യക്തിയായിരുന്നു ഈശോ. സമൂഹത്തിലുള്ള എല്ലാവരോടും സാധാരണമായ രീതിയിൽ ഇടപെട്ടിരുന്നവനാണ് ഈശോ.



മാതാപിതാക്കളോടും ബന്ധുജനങ്ങളോടും സ്നേഹിതരോടും വേഗത്തിൽ ഇണങ്ങിച്ചേരുന്ന ഒരു പ്രകൃതമായിരുന്നു ഈശോ യ്ക്ക് ഉണ്ടായിരുന്നത്. മറിയവും ജോസഫുമൊത്തുള്ള സങ്കുചിതമായ ഒരു ബന്ധത്തിലല്ല ഈശോ വളർന്നത്; മറിച്ച് വിശാലമായ ഒരു കുടുംബബന്ധത്തിലാണ്. ഇക്കാരണത്താലാണ് ജറുസലേം തീർത്ഥാടനത്തിനുശേഷം തിരികെപ്പോരുമ്പോൾ ഒരു ദിവസം മുഴുവനും ഈശോയെ കണ്ടില്ലെങ്കിലും യാത്രാസംഘത്തിലെ ബന്ധുമിത്രാദികളുടെ കൂട്ടത്തിൽ കാണുമെന്ന് യൗസേപ്പും മറിയവും ചിന്തിച്ചുപോയത് (ലൂക്കാ 2,44). യാത്രാസംഘത്തെ കുറിക്കുന്ന 'സിനൊദിയ' എന്ന പദം സൂചിപ്പിക്കുന്നത് 'തിരുക്കുടുംബം ഭാഗമായിരിക്കുന്ന കൂടുതൽ വിശാലവും യാത്ര ചെയ്തുകൊണ്ടിരിക്കുന്നതുമായ ഒരു സമൂഹത്തെയാണ്".

ഈശോയുടെ യൗവന ജീവിതം ഇന്നിന്റെ യുവതലമുറയ്ക്ക് വലിയ ഒരു മാതൃകയും പ്രചോദനവുമാണ്. സ്വജീവിതത്തിന്റെ ദൗത്യങ്ങൾ ഏറ്റെടുക്കാനുദ്യമിക്കുന്ന യുവജനം പിതാവുമായുള്ള ബന്ധത്തിലും കുടുംബവുമായുള്ള ബന്ധത്തിലും സമൂഹവുമായുള്ള ബന്ധത്തിലും വളർന്നുവരണം. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട് തങ്ങൾ നയിക്കപ്പെടുമെന്നുള്ള ഉത്തമബോധ്യം യുവജനത്തിന് ഉണ്ടാകണം. ഇത്തരത്തിലുള്ള ഒരു വളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ള അജപാലനപദ്ധതികളാണ് സഭ യുവാക്കൾക്കായി ഒരുക്കേണ്ടത് എന്ന് ഫ്രാൻസിസ് മാർപാപ്പാ ഈ പ്രബോധനത്തിൽ പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്.

(തുടരും)

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും


**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# മരണത്തിലും അവനോടൊപ്പം

**നിയോണ മങ്ങാട്ട്**

മിശിഹായുടെ മൗതികശരീരമായ സഭ രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ടതും വിശുദ്ധാത്മാക്കളുടെ ആത്മീയയുദ്ധത്താൽ ധന്യതയാർജ്ജിച്ചതും നിന്ദനങ്ങളും പീഡനങ്ങളുമാകുന്ന തീയിൽ കുരുത്തതുമാണ്. സഭയ്ക്കുള്ളിൽ, സഭാംഗങ്ങൾ എന്ന തലക്കെട്ടിൽ സുരക്ഷിതത്വത്തിന്റെ മേലാപ്പും ചുറ്റി സഭയുടെ മുഖത്ത് കാർക്കിച്ചുതുപ്പുന്ന, സഭയുടെ വിശുദ്ധിയുടെ വസ്ത്രം ഉരിഞ്ഞ് ആക്ഷേപിക്കുവാൻ ചില തല്പരകക്ഷികൾ! ഇവർ സാത്താനോടു കൂട്ടുപിടിച്ച് ഉറഞ്ഞുതുള്ളുന്ന ഈ കാലഘട്ടത്തിൽ സമർപ്പണത്തിന്റെ ലക്ഷ്യത്തെയും അർത്ഥത്തെയും ഗ്രഹിക്കാൻ, സമർപ്പണത്തിൽ നമ്മുടെ മൂത്ത സഹോദരങ്ങളായ വിശുദ്ധാത്മാക്കളുടെ ജീവിതങ്ങളിലേക്ക് ഒന്ന് ആഴ്ന്നിറങ്ങിയാൽ അത് ഏറെ ഗുണം ചെയ്യും. സമർപ്പണജീവിതത്തെയും അതിലൂടെ കരഗതമാകുന്ന സഹനാനുഭവങ്ങളെയും വിശുദ്ധാത്മാക്കൾ എത്ര കൊതിയോടെ ആസ്വദിച്ചു എന്നത് അവരുടെ ജീവിതംതന്നെ സാക്ഷിക്കുന്നു.





**വി. കൊച്ചുത്രേസ്യായുടെ ആത്മകഥയിൽ അവൾ പറയുന്നതു കേൾക്കുക:**

*"എനിക്ക് ഏറ്റം പ്രിയമുള്ള ദിവ്യരക്ഷകാ, എല്ലാറ്റിനും ഉപരിയായി എനിക്കുള്ള മോഹം എന്റെ രക്തം അവസാനത്തുള്ളിവരെയും അങ്ങേയ്ക്കുവേണ്ടി ചിന്തണം എന്നതാണ്. വേദസാക്ഷിത്വം - ചെറുപ്പംമുതല്ക്കേ അതാണെന്റെ ആദർശം. കർമ്മലമഠത്തിലെ ആവൃതിക്കുള്ളിലും പ്രസ്തുതാദർശം എന്നിൽ വളർന്നുവന്നു. ആരാധ്യനായ എന്റെ മണവാളാ, അങ്ങയെപ്പോലെ പ്രഹരിക്കപ്പെടാനും ക്രൂശിക്കപ്പെടാനും ഞാൻ ആഗ്രഹിക്കുന്നു. വി. ബർത്തലോമിയയെപ്പോലെ തോലുരിയപ്പെട്ടു മരിക്കാൻ ഞാനാഗ്രഹിക്കുന്നു. വി. യോഹന്നാനെപ്പോലെ തിളച്ച എണ്ണയിൽ ആഴ്ത്തപ്പെടാൻ ഞാനാഗ്രഹിക്കുന്നു. വേദസാക്ഷികളെ ഏല്പിച്ച സകല പീഡനങ്ങളും സഹിക്കാൻ ഞാനാഗ്രഹിക്കുന്നു. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിനെപ്പോലെ കാട്ടുമൃഗങ്ങളുടെ ദന്തങ്ങളാൽ കടിച്ചു പൊടിയപ്പെട്ട് ദൈവത്തിനു പ്രീതികരമായ അപ്പമാകാൻ ഞാനാഗ്രഹിക്കുന്നു. വി. ആഗ്നസ്സിനും വി. സിസിലിയായ്ക്കും ഒപ്പം വാളിനു നേരെ കഴുത്തു നീട്ടികൊടുക്കാനും എന്റെ പ്രിയ സഹോദരി ജോവാൻ ഓഫ് ആർക്കിനോടൊപ്പം എരിയുന്ന ചിതയിൽനിന്ന് ഹാ ഈശോയേ, അങ്ങയുടെ തിരുനാമം ഉച്ചരിക്കുവാനും ഞാനാഗ്രഹിക്കുന്നു. അന്തിക്രിസ്തുവിന്റെ കാലത്ത് ക്രിസ്ത്യാനികൾ അനുഭവിക്കാനിരിക്കുന്ന നിഷ്ഠൂര പീഡനങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ ഹൃദയം ആനന്ദത്താൽ തുടിക്കുന്നു. അവയെല്ലാം എനിക്കായി നീക്കിവച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു".*

**കത്തോലിക്കാ സഭയെ അപകീർത്തിപ്പെടുത്തുക, ചെളി വാരിയെറിയുക എന്ന ഗൂഢലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവരുടെ പിന്നാലെ കൂടി സ്വമനസ്സാലേ തങ്ങൾ സ്വീകരിച്ച ദൈവവിളി വലിച്ചെറിഞ്ഞു കളഞ്ഞിട്ട് വിറളിപിടിച്ച് പുറത്തേക്കിറങ്ങുന്ന ചില 'പുണ്യാത്മാ'ക്കൾ പടച്ചുവിടുന്ന 'മ' പുസ്തകങ്ങൾ വാരിവിഴുങ്ങിയശേഷം ഇതാണ് കത്തോലിക്കാ സഭ എന്നു വിചാരിക്കുന്നവർക്ക് ഒരു ഉത്തരംകൂടിയാണ് സഭയിൽ മിശിഹായ്ക്കുവേണ്ടി ജീവിതം അർപ്പിച്ച വിശുദ്ധർ.**

അഭൗമികമായ ധീരതയോടെ രക്തസാക്ഷിത്വത്തെ പുണർന്ന എണ്ണിയാൽ തീരാത്ത വിശുദ്ധാത്മാക്കളോടുചേർന്ന് സഭയെ സ്നേഹിക്കുവാൻ, സഭയിൽ ജീവിക്കുവാൻ, സഭയോടൊത്ത് അനുദിന രക്തസാക്ഷിത്വ അനുഭവങ്ങളെ ഈശോയോടുള്ള സ്നേഹത്തെപ്രതി സഹിക്കുവാൻ കൃപ തരണമേയെന്നു പ്രാർത്ഥിക്കാം. രക്തസാക്ഷികളുടെ പുണ്യ ചരിത്രം പുതുതലമുറയിലേക്ക്, കുഞ്ഞുമക്കളിലേക്ക് പകർന്നുകൊടുത്ത് മിശിഹായെ ജ്വലിപ്പിക്കാം.... വിശ്വാസത്തെ ജ്വലിപ്പിക്കാം.

കത്തോലിക്കാ സഭയെ അപകീർത്തിപ്പെടുത്തുക, ചെളി വാരിയെറിയുക എന്ന ഗൂഢലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവരുടെ പിന്നാലെ കൂടി സ്വമനസ്സാലേ തങ്ങൾ സ്വീകരിച്ച ദൈവവിളി വലിച്ചെറിഞ്ഞു കളഞ്ഞിട്ട് വിറളിപിടിച്ച് പുറത്തേക്കിറങ്ങുന്ന ചില 'പുണ്യാത്മാ'ക്കൾ പടച്ചുവിടുന്ന 'മ' പുസ്തകങ്ങൾ വാരിവിഴുങ്ങിയശേഷം ഇതാണ് കത്തോലിക്കാ സഭ എന്നു വിചാരിക്കുന്നവർക്ക് ഒരു ഉത്തരംകൂടിയാണ് സഭയിൽ മിശിഹായ്ക്കുവേണ്ടി ജീവിതം അർപ്പിച്ച വിശുദ്ധർ. 'ആമേൻ' 'കർത്താവിന്റെ നാമത്തിൽ' എന്നീ വിശുദ്ധ നാമങ്ങളുടെ അർത്ഥംപോലും ജീവിതത്തിൽ ഗ്രഹിക്കാനാവാതെ സഭയ്ക്കു നേരെ അവഹേളനത്തിന്റെയും പീഡനത്തിന്റെയും കൊടുങ്കാറ്റഴിച്ചുവിടാമെന്ന് വ്യാമോഹിക്കുന്ന മാന്യദേഹങ്ങളോട് കർത്താവിനൊരു ചോദ്യം മാത്രം! സാവൂളിനോടു ചോദിച്ച അതേ ചോദ്യം "പ്രിയ 'കുമാരി'മാരേ, നിങ്ങൾ എന്തിന് എന്നെ പീഡിപ്പിക്കുന്നു?".




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**ലിയാ ഓലിയ്ക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**പ**രി. കന്യകാമറിയമേ, ഞങ്ങളുടെ നല്ല അമ്മേ, ഈ ജപമാല രഹസ്യങ്ങൾ കൂപ്പുകരങ്ങളോടെ ഞങ്ങൾ അർപ്പിക്കുമ്പോൾ നിത്യപ്രകാശമായ അമ്മയുടെ ദിവ്യസുതനോട് ഒന്നായിച്ചേരുവാൻ വേണ്ടുന്ന കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ. ആമ്മേൻ.

**ഒന്നാം ദിവ്യരഹസ്യം:**

പരിശുദ്ധിയുടെ വിളനിലമായിമാറിയ പരി.അമ്മയെ നമുക്ക് ധ്യാനിക്കാം.

തന്റെ വിശുദ്ധി കാത്തുസൂക്ഷിച്ച പരി. അമ്മേ, അമ്മയെപ്പോലെ ശുദ്ധഹൃദയത്തോടെ വചനം സ്വീകരിക്കുവാനും അങ്ങനെ വിശുദ്ധരായി ജീവിച്ചുകൊണ്ട് ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാനും വേണ്ട കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

കാനായിലെ കല്യാണവേളയിൽ ഈശോയുടെ മഹത്ത്വം വെളിപ്പെടുത്തുവാൻ വഴി കാട്ടിയ പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പരി.അമ്മേ, അമ്മയുടെ മാതൃക സ്വീകരിച്ച് അനുദിന ജീവിത സാഹചര്യങ്ങളിൽ നിന്റെ സാന്നിധ്യം പ്രകടമാക്കുവാനുള്ള ഉപകരണങ്ങളായി വർത്തിക്കുവാൻ വേണ്ട കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ,10നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

"ഇതാ കർത്താവിന്റെ ദാസി" എന്നരുൾചെയ്തുകൊണ്ട് ദൈവത്തിന്റെ വിളിക്ക് വിശ്വാസപൂർവം പ്രത്യുത്തരം നല്കിയ പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പുത്രനായ ദൈവത്തിന്റെ ഇരിപ്പിടമായി മാറിയ പരി. അമ്മേ, അമ്മയെപ്പോലെ നിന്റെ പുത്രന്റെ വാസനികേതനങ്ങളായി മാറുവാൻ വേണ്ട കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

ലോകത്തിന്റെ പ്രകാശമായ ഈശോയെ ലോകത്തിന് നൽകുവാൻ തന്നെത്തന്നെ സമർപ്പിച്ച പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

പരി. അമ്മേ, ഈശോയാകുന്ന വലിയ പ്രകാശത്തിൽനിന്നും സത്യവെളിച്ചം നുകരുവാനും ഞങ്ങളുടെ ജീവിതമാതൃക വഴി അവന്റെ വെളിച്ചം മറ്റുള്ളവരിലേക്ക് ചൊരിയുന്നവരായിത്തീരുവാനും വേണ്ട കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

ദൈവഹിതത്തെ തന്റെ ഹൃദയത്തിൽ സ്വീകരിച്ച് വചനോപാസകയായി മാറിയ പരി. അമ്മയെ നമുക്ക് ധ്യാനിക്കാം.

ദൈവാരാധനയിൽ ഞങ്ങൾ ശ്രവിക്കുന്ന വചനം ഞങ്ങളുടെ ഹൃദയത്തിൽ സ്വീകരിച്ച് വിശുദ്ധമായ ഫലങ്ങൾ പുറപ്പെടുവിക്കാൻ വേണ്ട കൃപയ്ക്കായി അമ്മ തിരുക്കുമാരന്റെ പക്കൽ ഞങ്ങൾക്കായി മാധ്യസ്ഥ്യം വഹിക്കണമേ...! *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



"വിളക്കു കൊളുത്തി ആരും പറയുടെ
കീഴിൽ വയ്ക്കാറില്ല, പീഠത്തിൻമേലാണു
വയ്ക്കുക. അപ്പോൾ അതു ഭവനത്തിലുള്ള
എല്ലാവർക്കും പ്രകാശം നല്കുന്നു.
അപ്രകാരം, മനുഷ്യർ നിങ്ങളുടെ
സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ
നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന്
നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"

(മത്താ 5,15-16)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th December 2019

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"മനുഷ്യാവതാരത്തിന്റെ
മഹനീയഫലങ്ങൾ
തിരുസ്സഭയിലൂടെ ഞങ്ങൾക്കു
നല്കുന്ന ദൈവമേ,
നിന്റെ അവർണ്ണനീയമായ
ദാനങ്ങൾക്കു നന്ദിപറയുവാൻ
ഞങ്ങളെ ശക്തരാക്കണമേ.
അങ്ങനെ നിന്റെ ശാന്തിയും
സമാധാനവും ലോകം മുഴുവനിലും
വ്യാപിപ്പിക്കത്തക്കവിധം പരിശുദ്ധരും
കളങ്കമറ്റവരുമായി ജീവിക്കുവാൻ
ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ"
(മംഗളവാർത്തക്കാലം, ശനി - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O.,
Kottayam - 686 018, Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal